(ii) പ്രമേയങ്ങൾ

(1) സാമൂഹ്യവിരുദ്ധശക്തികളെ അറസ്റ്റുചെയ്യുന്നതിൽ കാണിച്ച അനാസ്ഥ

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുകയാണ്. "കേരളത്തിന്റെ നവോത്ഥാന നായകൻ ശ്രീനാരായണ ഗുരുദേവന്റെ പ്രതിമകൾ തകർത്ത സാമൂഹ്യ വിരുദ്ധ ശക്തികളെ അറസ്റ്റ് ചെയ്യുന്നതിൽ അനാസ്ഥ കാണിച്ചതായി പറയപ്പെടുന്ന ഗവൺമെന്റിന്റെ നടപടിയെ ഈ സഭ അപലപിക്കുകയും, ഇതേക്കുറിച്ചും, കൊല്ലം ഡി.സി.സി. ഓഫീസ് ആക്രമണം, ജനപ്രതിനിധികൾക്ക് നേരെ നടന്ന ആക്രമണം, ലാത്തിച്ചാർജുകൾ എന്നിവ സംബന്ധിച്ചും ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു."

<u>ശ്രീ. എ. കണാരൻ</u> : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ "പ്രതിമകൾ തകർത്ത" എന്നതിനുശേഷമുള്ള ഭാഗങ്ങൾ നീക്കം ചെയ്യുകയും തൽസ്ഥാനത്ത് താഴെപ്പറയുന്നഭാഗം ചേർക്കേണ്ടതുണ്ട്.

"സംഭവത്തെക്കുറിച്ച് ഉന്നത പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ അന്വേഷിച്ച് കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണമെന്നും, ഈ സംഭവത്തെ തുടർന്ന് കൊല്ലം ജില്ല ഉൾപ്പെടെയുള്ള ജില്ലകളിൽ പോലീസിന് നേരെയുണ്ടായ കല്ലേറുകൾ, ആക്രമണങ്ങൾ തുടങ്ങിയവയും, വാഹനങ്ങൾ കത്തിക്കൽ ഉൾപ്പെടെയുള്ള പൊതുമുതൽ നശിപ്പിക്കൽ, ഗുണ്ടാവിളയാട്ടം എന്നിവയെപ്പറ്റിയും അന്വേഷിക്കുവാൻ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള ജുഡീഷ്യൽ അന്വേഷണം സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും ഈ സഭ ആവശ്യപ്പെടുന്നു."

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ "അറസ്റ്റുചെയ്യുന്നതിൽ" എന്നു തുടങ്ങുന്ന ഭാഗം മുതൽ മുഴുവനായും നീക്കം ചെയ്യുകയും പകരം താഴെകാണുന്നപ്രകാരം ഭേദഗതി വരുത്തേണ്ടതുമാണ്.

"അറസ്റ്റുചെയ്ത് മാതൃകാപരമായി ശിക്ഷിക്കുന്നതിനും ഇതിന്റെ പേരിൽ ജനങ്ങളുടെ സൈര്യജീവിതം തകർക്കുക എന്ന ഗൂഢലക്ഷ്യത്തോടുകൂടി ക്രമസമാധാനനില തകർക്കുന്നതിന് ആസൂത്രിതമായി പ്രവർത്തിച്ച സാമൂഹ്യവിരുദ്ധശക്തികളെ അറസ്റ്റുചെയ്യുന്നതിനും കൊല്ലം ജില്ല ഉൾപ്പെടെയുള്ള ജില്ലകളിൽ പോലീസിനുനേരെയുണ്ടായ കല്ലേറുകൾ, ആക്രമണങ്ങൾ, വാഹനങ്ങൾ ഉൾപ്പെടെയുള്ള പൊതുമുതൽ നശിപ്പിക്കൽ എന്നിവ സംബന്ധിച്ച് ഉന്നത പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ അന്വേഷിപ്പിക്കുന്നതിനും ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള ജുഡീഷ്യൽ അന്വേഷണം സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും ഈ സഭ ആവശ്യപ്പെടുന്നു."

<u>ശ്രീ. പാലോട് രവി</u> : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ "ഇതേക്കുറിച്ചും" എന്നതിനുശേഷം "എസ്. എൻ.ഡി.പി. പ്രവർത്തകർക്ക് നേരെ പോലീസ് നടത്തിയ ക്രൂരമായ ലാത്തിച്ചാർജ്" എന്നുകൂടി ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ആനത്തലവട്ടം ആനന്ദന്റെ ഭേദഗതി ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മയുടെ ഭേദഗതിക്ക് സമാനമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. ബി. വിജയകുമാർ, ശ്രീ.കെ.സി. ജോസഫ് എന്നിവരുടെ ഭേദഗതികൾ ക്രമപ്രകാരമല്ല. അതുകൊണ്ട് അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. തമ്പാനൂർ രവി : സർ, സമൂഹ മനസ്സാക്ഷി വിറങ്ങലിച്ചു നിൽക്കുന്ന സാക്ഷര കേരളത്തിൽ അപമാനകരമായ ഗുരുദേവ പ്രതിമകൾ തകർക്കലിനെക്കുറിച്ചും, കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി പോലീസ് രാജ് ഏർപ്പെടുത്തികൊണ്ട് ഭരണ കക്ഷിയിൽപ്പെട്ട യുവജന വിദ്യാർത്ഥി സംഘടനയിൽപ്പെട്ടവരോടുപോലും പോലീസ് മൃഗീയമായി, അതിക്രൂരമായി ലാത്തിച്ചാർജ് ചെയ്യുന്ന സംഭവത്തെക്കുറിച്ചും കാര്യമായ അന്വേഷണം നടത്തുന്നതിൽ കുറ്റകരമായ അനാസ്ഥ ഗവൺമെന്റ് കാണിക്കുന്നതിൽ പ്രതിഷേധിച്ചാണ് ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നത്. "കേരളത്തിന്റെ നവോത്ഥാന നായകൻ ശ്രീനാരായണ ഗുരുദേവന്റെ പ്രതിമകൾ തകർത്ത സാമൂഹ്യ വിരുദ്ധ ശക്തികളെ അറസ്റ്റ് ചെയ്യുന്നതിൽ അനാസ്ഥ കാണിച്ചതായി പറയപ്പെടുന്ന ഗവൺമെന്റിന്റെ നടപടിയെ ഈ സഭ അപലപിക്കുകയും ഇതേക്കുറിച്ചും കൊല്ലം ഡി.സി.സി ഓഫീസ് ആക്രമണം, ജനപ്രതിനിധികൾക്കുനേരെ നടന്ന ആക്രമണം, ലാത്തിച്ചാർജുകൾ എന്നിവ സംബന്ധിച്ചും ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു" അല്പം മുമ്പ് ഭരണകക്ഷിയിലെ അംഗമായ ശ്രീ. പി. രാജു നടത്തിയ ഒരു അനൗദ്യോഗിക വാക്കൗട്ട്, വരാൻ പോകുന്ന നാളുകളിൽ കേരള രാഷ്ട്രീയം കാണാൻ പോകുന്ന, ഈ സഭ കാണാൻ പോകുന്ന രാഷ്ട്രീയ മാറ്റങ്ങളുടെ തുടക്കായിട്ടാണ് ഞാൻ കാണുന്നത്. എന്തുകൊണ്ടെന്നാൽ 2.2.2000 -ത്തിലാണ് കൊല്ലം എസ്.എൻ.കോളേജ് സംഭവത്തിനുശേഷം എസ്.എൻ.ഡി.പി. ഹെഡ്ക്വാർട്ടേഴ്സിലെ ഗുരുദേവ പ്രതിമ തകർത്തത്. അതിനുശേഷം പല സംഭവങ്ങൾ ഈ നാട്ടിൽ ഉണ്ടായി. ഗുരുദേവ പ്രതിമ തകർക്കൽ ഒരു ശൃംഖല പോലെ തുടരുന്നു. 18 ഓളം സ്ഥലങ്ങളിൽ ഇതിനകം ഗുരുദേവ പ്രതിമ തകർത്തിട്ടുണ്ട്. 22.2.2000- ത്തിൽ നെയ്യാറ്റിൻകര എസ്.എൻ.ഡി.പി. ആസ്ഥാനത്ത് പ്രതിമ തകർത്തപ്പോൾ ഞാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതിക്കൊടുത്ത് റൂൾ 304 അനുസരിച്ച് ഇവിടെ സബ്മിഷൻ ഉന്നയിച്ചു. ഞാൻ അങ്ങേയ്ക്ക് എഴുതി തന്നത് കേരളത്തിലെ മുഴുവൻ കാര്യങ്ങളുമാണ്. മറുപടി പറഞ്ഞ മുഖ്യമന്ത്രി വളരെ കർക്കശമായി ഞാൻ നെയ്യാറ്റിൻകര സംഭവത്തെ സംബന്ധിച്ചു മാത്രമേ പറയൂ എന്നു പറഞ്ഞു. ഞാൻ ഉന്നയിച്ചത് കേരളത്തിലെ മുഴുവൻ സംഭവങ്ങളാണ്. കേരളത്തിലെ ഈ സംഭവങ്ങളെ മറച്ചുവച്ചുകൊണ്ടാണ് അങ്ങ് നെയ്യാറ്റിൻകര സംഭവത്തെക്കുറിച്ചു മാത്രം പറഞ്ഞത്. എത്ര ലാഘവത്തോടുകൂടിയാണ് ഈ ഗവൺമെന്റ് കാര്യങ്ങൾ കാണുന്നത് എന്നതിന് തെളിവായിട്ടാണ് ഞാൻ ഇക്കാര്യം ഇവിടെ പറയുന്നത് ഇതിനുശേഷം 18 സ്ഥലങ്ങളിൽ ഇത്തരം സംഭവങ്ങളുണ്ടായി. ഏറ്റവും അവസാനം നേമം നിയോജകമണ്ഡലത്തിലെ കട്ടച്ചൽക്കുഴി എന്ന സ്ഥലത്ത് ഒരു സംഭവം ഉണ്ടായി. രണ്ടു വർഷം മുമ്പ് പേപ്പറിൽ വായിച്ചു 5 പ്രതികളെ പിടിച്ചു എന്ന്. എസ്.എൻ.ഡി.പി. താലൂക്ക് യൂണിയൻ തന്നെ പറഞ്ഞിട്ടുണ്ട് ഈ പിടിച്ച ഒരു പ്രതിയും .....

ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്പോൾ നേമം നിയോജകമണ്ഡലത്തിലെ കട്ടച്ചൽക്കുഴിയിൽ നടന്നുവെന്നു

പറഞ്ഞു. നേമം നിയോജക മണ്ഡലത്തിൽ അല്ല. നേമം നിയോജകമണ്ഡലത്തിൽ നടന്നിട്ടില്ല. അത് രേഖയിലുണ്ടാവാൻ പാടില്ല.

<u>ശ്രീ. തമ്പാനൂർ രവി</u> : എന്റെ നിയോജകമണ്ഡലത്തിന് തൊട്ടടുത്തുള്ള കോവളം നിയോജകമണ്ഡലത്തിലെ കട്ടച്ചൽക്കുഴി എന്ന സ്ഥലം അവിടെനിന്ന് 5 പ്രതികളെ പിടിച്ചുവെന്ന് 2 ദിവസം മുമ്പുള്ള പത്രത്തിൽ വന്നിരുന്നു. എസ്.എൻ.ഡി.പി. താലൂക്ക് യൂണിയൻ പറഞ്ഞു ഈ പിടിച്ച പ്രതികളാരും ഈ സംഭവവുമായി ബന്ധമുള്ള ആളുകളല്ല എന്ന്. ഇവിടെ ഈ പ്രമേയം ഇന്ന് ചർച്ചയ്ക്ക് വരുമെന്നുള്ള ഒറ്റ കാരണംകൊണ്ട് പോലീസ് അവിഹിതമായി പ്രതികളെ പിടിച്ചു. പിടിച്ച പ്രതികൾ ആരാണെന്നറിയാമോ. എന്റെ അന്വേഷണത്തിൽ കട്ടച്ചൽക്കുഴിയിൽ ഗുരുദേവ മന്ദിരത്തിനടത്ത് കോഴിത്തോരൻ കിട്ടുന്ന ഒരു ചെറിയ ഹോട്ടൽ ഉണ്ട്. അവിടെ സ്ഥിരമായി ആളുകൾ കോഴിത്തോരൻ തിന്നാൻ വരും. അവിടെ വന്ന രണ്ടു ഓട്ടോ റിക്ഷക്കാർ തമ്മിൽ തർക്കം ഉണ്ടായി. അവർ തമ്മിൽ അടി നടന്നു. അതിലെ പ്രതികളെയാണ് പിടിച്ചത്. യഥാർത്ഥ പ്രതികളെയല്ല. ഞാൻ പറഞ്ഞുവന്നത് കൊല്ലം എസ്.എൻ.ഡി.പി. ആസ്ഥാനത്തു തുടങ്ങി അവസാനം കട്ടച്ചൽക്കുഴി വരെ വന്നുനിൽക്കുന്ന 18 ഗുരുദേവ പ്രതിമകൾ തകർത്തതിനുശേഷം ഈ നിമിഷം വരെ ഒരാളെപ്പോലും അറസ്റ്റ് ചെയ്യുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കൊല്ലത്ത് ക്രൈം ബ്രാഞ്ച് അന്വേഷിക്കുമെന്ന് അങ്ങ് പറഞ്ഞു. ഏറ്റവും അവസാനം പാവപ്പെട്ട, കൈയൊടിഞ്ഞ വികലാംഗനായ രാജനെ പോലീസ് അറസ്റ്റു ചെയ്തു. കേരളം എങ്ങോട്ടാണ് പോകുന്നത്? സ്വാമി വിവേകാനന്ദൻ പറഞ്ഞതുപോലെ കേരളം ഒരു ഭ്രാന്താലയമായി മാറുകയാണോ? പ്രതിമ തകർക്കൽ സംഭവങ്ങൾ ആവർത്തിക്കുമ്പോഴും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനുപകരം മുഖ്യമന്ത്രിയും ഭരണകൂടവും പോലീസും തികഞ്ഞ നിഷ്ക്രിയത്വം പാലിക്കുകയാണ്. പരസ്പരം കുറ്റപ്പെടുത്തുകയാണ്. ഏറ്റവും അവസാനം യൂണിവേഴ്സിറ്റി യുവജനോൽസവ വേദിയിൽപോലും ഗുരുദേവ പ്രതിമ തകർക്കൽ ഇന്നൊരു അവതരണവിഷയമായി മാറിയിരിക്കുകയാണ്. അതിന് ഒന്നാം സമ്മാനം കിട്ടി. അപ്പോൾ കേരളത്തിൽ മനുഷ്യ മനഃസാക്ഷിയെ ഇത്രയേറെ വേദനിപ്പിച്ച ഒരു സംഭവം യുവജനോത്സവത്തിന് അവതരണ വിഷയമായി മാറിയിട്ടുപോലും ഗവൺമെന്റ് ഇതുവരെ അനങ്ങിയില്ലെന്നു മാത്രമല്ല ഒരാളെപ്പോലും ഇതുവരെ പിടിക്കുവാൻ കഴിഞ്ഞിട്ടില്ല. ആരാണ് ഗുരുദേവൻ. കേരളത്തിന്റെ ചൈതന്യവും തേജസ്സുമാണ് ഗുരുദേവൻ. ജാതിമതഭേദ മെന്യേ കേരളീയരുടെ മനസ്സിൽ രൂഢമൂലമാണ് ശ്രീനാരായണ ദർശനങ്ങൾ. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന് ഉദ്ഘോഷിച്ച ഗുരുദേവൻ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ ആരാധനമൂർത്തിയല്ല. മുഴുവൻ കേരളീയരും ആരാധിക്കുന്ന ഒരു ചൈതന്യമാണ്. മതനിരപേക്ഷതയുടേയും, മത സഹിഷ്ണുതയുടേയും അപ്പോസ്തലനാണ് ഗുരുദേവൻ, ഇന്നത്തെ മനോരമ പത്രത്തിലെ ' കാഴ്ചപ്പാട്' എന്ന പംക്തിയിൽ പറഞ്ഞിരിക്കുന്നത് 'ഗുരു തീർത്ഥാടനാലയമാക്കിയത് വീണ്ടും ഭ്രാന്താലയമാക്കണോ' എന്നാണ്. ഇത് മനോഹരമായ വരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വായിച്ചുകാണുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ശ്രീനാരായണ ഗുരുദേവ പ്രതിമകൾ ദിവസമെന്നോണം തകർത്തുകൊണ്ടിരിക്കുന്നു. അതിനെതിരായി അനുഷ്ഠാനമെന്നോണം പ്രതിഷേധ റാലികളും, പ്രസംഗങ്ങളും പ്രകടനങ്ങളും നടക്കുന്നു. അന്യോന്യം കുറ്റപ്പെടുത്തുന്നു. ഇതൊക്കെ കണ്ടും കേട്ടും നാരായണ ദർശന അനുഗ്രഹംകൊണ്ട് ആത്മീയ സാമൂഹ്യ വിമോചനം നേടിയ കോടിക്കണക്കിന് ആളുകൾ ഇന്ന് ദു:ഖിക്കുന്നുണ്ട്. ആ കൂട്ടത്തിൽപ്പെട്ട ഒരാളാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ. ഉള്ള് ഉണർന്നു തുടങ്ങിയപ്പോൾ മുതൽ എന്നെ സ്വാധീനിച്ച ഒന്നാണ് ശ്രീനാരായണ ഗുരു ദർശനം കേരളീയ ജീവിതത്തിന്റെ അലകും പിടിയും മാറ്റിയതാണ് ഈ പ്രതിഭാസം. അവസാനം പറഞ്ഞ ആത്മോപദേശ ശതക ത്തിലൂടെ നവോത്ഥാനത്തിന്റെ വെള്ളി വെളിച്ചത്തിലേക്ക് നമ്മെ നയിച്ച ഗുരു ദേവ ദർശനങ്ങളെ വികൃതമാക്കുന്നതിനെതിരെ സർക്കാർ കർശന നടപടികൾ സ്വീകരിക്കണം. അതോടൊപ്പം ഇത്തരം സാമുഹ്യ സാംസ്ക്കാരിക വിരുദ്ധ സ്വഭാവങ്ങൾ ഈ നാട്ടിൽ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണം. ഭരണകക്ഷിയിൽപ്പെട്ട ഒരു പ്രസിദ്ധനായ കവിപോലും ഇതിൽ മനം നൊന്ത് ഇന്നത്തെ മനോരമയിൽ കാഴ്ചപ്പാട് പേജിൽ വെള്ളി വെളിച്ചത്തിൽ അദ്ദേഹം ലേഖനം എഴുതിയിരിക്കുകയാണ്. ഇതിവിടെ തീരുന്നുണ്ടോ? ശ്രീ. ശിവദാസ മേനോൻ കഴിഞ്ഞ 29- ാം തീയതി തിങ്കളാഴ്ച ബഹുമാനപ്പെട്ട സ്പീക്കറുടെ നിയോജകമണ്ഡലത്തിൽ ഒരു ഗുരുദേവ പ്രതിമയുടെ അനാച്ഛാദനത്തിന് പോയി. അവിടെ അദ്ദേഹം നടത്തിയ പ്രസംഗത്തിൽ പറയുന്നത് കമ്മ്യൂണിസ്റ്റ് വളർച്ചയ്ക്ക് കാരണം ഗുരുദർശനം എന്നാണ്. ശ്രീനാരായണ ഗുരുവിന്റെ നവോത്ഥാന ആദർശങ്ങൾ ഉഴുതുമറിച്ചിട്ട മണ്ണിൽ വിത്തു പാകിയതുകൊ ണ്ടാണ് കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വേഗം വളർന്നതെന്നാണ് മന്ത്രി ശ്രീ. ടി. ശിവദാസമേനോൻ പറഞ്ഞത്. ഹിന്ദി മേഖലയിൽ ശ്രീനാരായണ ഗുരുവിനെ പോലൊരു സാമുഹ്യ പരിഷ്ക്കർത്താവ് ഇല്ലാത്തതുകൊണ്ടാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളരാത്തതെന്ന് മന്ത്രി പറഞ്ഞു. കമ്മ്യൂണിസ്റ്റു കാർക്ക് ഗുരുപ്രതിമ പ്രതീകാത്മകമാണ്. കമ്മ്യൂണിസ്റ്റുകാർ ശ്രീനാരായണ പ്രതിമ തകർക്കില്ല എന്ന് അദ്ദേഹം പറയുന്നു. ബഹുമാനപ്പെട്ട ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞിരിക്കുന്നത് ഒരു തരി മണ്ണുപോലും വീഴാൻ ഞങ്ങൾ അനുവദിക്കില്ല എന്നാണ്. പക്ഷെ എന്താണിവിടെ നടക്കുന്നത്. വാക്കും പ്രവർത്തിയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ശ്രീ. ശിവദാസ മേനോൻ അവിടെ പോയി ഉദ്ഘാടനം ചെയ്തിട്ടിങ്ങനെ പറയുന്നു. മുഖ്യമന്ത്രി പ്രതിയെ പിടിക്കുമെന്ന് പ്രസ്താവനയിറക്കുന്നു. ഇതൊക്കെ നിങ്ങളുടെ സ്ഥിരം പല്ലവിയല്ലേ? ഇവിടെ ഏതു പ്രശ്നമുണ്ടായാലും നിങ്ങൾ പറയും ഒന്നുകിൽ ബി.ജെ.പി. അല്ലെങ്കിൽ കോൺഗ്രസ് അതായത് ചത്തത് കീചക നെങ്കിൽ കൊന്നത് ഭീമൻ തന്നെ. ഈ സഭയ്ക്കകത്തുപോലും ഇത്ര ഗുരുതര മായ സ്ഥിതിവിശേഷമുണ്ടായിട്ട് നമ്മളെയെല്ലാം ലജ്ജിപ്പിക്കുന്ന, സാക്ഷരകേ രളത്തെ ലജ്ജിപ്പിക്കുന്ന ഈ സംഭവമുണ്ടായിട്ട് അതിനെതിരെ ഒരു ചെറുവിര ലനക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? നമ്മുടെ പോലീസ് മോശ മാണോ? നമുക്ക് എഫിഷ്യന്റ് പോലീസ് ആഫീസർമാരില്ലേ? ഒരന്വേഷണ ത്തിന് അങ്ങ് ഉത്തരവിട്ടോ? ശ്രീ. വെള്ളാപ്പള്ളി നടേശനും ശ്രീ. വി.എസ്. അച്ചുതാനന്ദനും വലിയ സുഹൃത്തുക്കളായിരുന്നു. അവർ തമ്മിൽ തെറ്റി. എൽ.ഡി.എഫ്. കൺവീനർ ശ്രീ. വി.എസ്. അച്ചുതാനന്ദൻ എല്ലാ കാര്യങ്ങ ളിലും പ്രതികരിക്കുന്ന ആളാണ്. പേപ്പട്ടിയെ കൊന്നാൽ, എലിയും പാറ്റയും ചത്താൽ ഉടൻ പ്രതികരിക്കുന്ന ആളാണ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ. ഇക്കാര്യത്തിൽ അദ്ദേഹം ഇന്നുവരെ പ്രതികരിച്ചിട്ടുണ്ടോ? ഞങ്ങളൊക്കെ എന്താണ് മനസ്സിലാക്കേണ്ടത്? നിങ്ങളുടെ ഈ സ്റ്റാമിനിസ്റ്റ് ശൈലി ഉണ്ടല്ലോ, നിങ്ങളുടെ ഫാസിസ്റ്റ് സമീപനം, നിങ്ങളുടെ ഈ ധാർഷ്ട്യം, നിങ്ങളുടെ അഹങ്കാരം ..... 28-ാം തീയതിയിലെ മലയാള മനോരമ പത്രത്തിൽ ഒന്നാമത്തെ പേജിൽ .....

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : ബഹുമാനപ്പെട്ട എൽ.ഡി.എഫ്. നേതാവ് വി.എസ്. അച്ചുതാനന്ദൻ എലിയും പാറ്റയും ചത്താലുടനെ പ്രതിക

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്ന ആളാണെന്നു പറഞ്ഞത് ദുഃസ്സൂചനയാണ്. അത് സഭാരേഖയിലുണ്ടാകാൻ പാടില്ല. അത് പിൻവലിക്കണം.

ശ്രീ. തമ്പാനൂർ രവി : നിസ്സാര കാര്യങ്ങൾക്കുപോലും പ്രതികരിക്കുന്ന എൽ.ഡി.എഫ്. കൺവീനർ ഇത്തരം വലിയൊരു സംഭവമുണ്ടായിട്ട് പ്രതികരിച്ചില്ലായെന്നു പറയാൻ വേണ്ടി പറഞ്ഞതാണ്. നിങ്ങൾക്ക് എന്തിനാണ് ഇത്ര അഹങ്കാരം. 28-ാം തീയതിയിലെ പത്രത്തിൽ സി.പി.എം.ന് ദേശീയ പാർട്ടിയുടെ പദവി നഷ്ടമാകും എന്ന വാർത്തയുണ്ട്. അവസാനം എല്ലാംകൂടി 11 സീറ്റ് കിട്ടിയാലേ ദേശീയ പാർട്ടിയെന്ന പദവി കിട്ടുകയുള്ളൂ. രണ്ട് സീറ്റേ കിട്ടിയുള്ളൂ. അഹങ്കരിക്കരുത്. നിങ്ങൾ ദേശീയ പാർട്ടിയല്ല. അതുകൊണ്ട് ഈ അഹങ്കാരത്തിന് ഒരു പരിധി വേണമെന്നേ എനിക്ക് പറയാനുള്ളൂ. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഇക്കാര്യത്തിൽ കുറെക്കൂടി കാര്യക്ഷമമായ നടപടി സ്വീകരിക്കണം. കൊല്ലത്തെ ഡി.സി.സി. ഓഫീസിൽ എന്താണ് നടന്നത്?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : ഞങ്ങൾക്ക് സീറ്റ് കിട്ടാത്ത കാര്യം പറഞ്ഞു. ഈ ഇലക്ഷനിൽ കോൺഗ്രസ്സിന്റെ സ്ഥിതി എന്താണ്?

ശ്രീ. തമ്പാനൂർ രവി : കോൺഗ്രസ് അഖിലേൻഡ്യാ പാർട്ടിയാണ്. നിങ്ങൾ ആകെ മൂന്നു സ്റ്റേറ്റിലാണ്. ഞങ്ങൾ വലിയ അഖിലേൻഡ്യാ പാർട്ടിയാണ്. ഒരുപാട് ജയവും തോൽവിയും കണ്ടവരാണ്. ഫാസിസം പറയുന്ന, അഹങ്കാരം കാണിക്കുന്ന, മസിൽ പവർ കാണിക്കുന്ന നിങ്ങളുടെ പാർട്ടി അഖിലേൻഡ്യാ തലത്തിൽ അംഗീകരിക്കുന്ന പാർട്ടിയല്ല. കൊല്ലത്ത് എന്താണ് നടന്നത്? എസ്.എൻ. കോളേജ് സംഭവത്തിൽ പ്രതിഷേധിക്കാൻ യൂത്ത് കോൺഗ്രസ്സുകാർ മാർച്ച് നടത്തി. എന്റെ സുഹൃത്ത് ശ്രീ. കെ.സി. വേണുഗോപാലിനെപ്പോലുള്ള ആളുകളെ തല്ലിച്ചതച്ചു. അവിടെ റെഡ് പോലീസ് മനഃപൂർവ്വം ജാഥ മുറിക്കാൻ ശ്രമിച്ചു. അതാണവിടെ നടന്നത്. അത് കഴിഞ്ഞിട്ടവിടെ റെഡ്ലൈൻ പോലീസാണ് .....

അവിടെ ഭരണകക്ഷിയിലെ എ.ഐ.എസ്.എഫ്.-നെ അക്രമിച്ചിട്ട് നടപടിയില്ല. അതുപോലെതന്നെ എസ്.എൻ.ഡി.പി. പ്രവർത്തകരെ തല്ലി. അവസാനമിപ്പോൾ ആർക്കുവേണ്ടിയാണ് ജുഡീഷ്യൽ എൻക്വയറി? 1997 മാർച്ച് മാസത്തിൽ ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാൻ വേണ്ടി കെ.എസ്.യു. സമരം ചെയ്തു. എന്നിട്ട് നിവേദനം കൊടുക്കാൻ പോയ കെ.എസ്.യു.വിന്റെ ആളുകളെ സെക്രട്ടേറിയറ്റിലിട്ട് തല്ലിച്ചതച്ചു. അതിനെത്തുടർന്ന് പത്തനംതിട്ട, കൊല്ലം, കോട്ടയം എന്നിവിടങ്ങളിൽ പ്രശ്നമുണ്ടായി. തിരുവനന്തപുരം ഡി.സി.സി. ആഫീസിലും കോട്ടയം ഡി.സി.സി. ആഫീസിലും പോലീസ് കയറി മർദ്ദിച്ചു. ശ്രീ. ഉമ്മൻചാണ്ടി സമരം ചെയ്തു, തിരുവഞ്ചൂർ രാധാകൃഷ്ണൻ സമരം ചെയ്തു, അടൂർ പ്രകാശ് സമരം ചെയ്തു. നിവൃത്തിയില്ലാതെ ഗവൺമെന്റ് അവസാനം ഒരു ജുഡീഷ്യൽ എൻക്വയറിക്ക് ഓർഡർ ഇട്ടു. ആരാണ് അതിന്റെ കമ്മീഷൻ അംഗം? റിട്ടയേർഡ് ജസ്റ്റീസ് കെ.പി. നാരായണൻ നായർ. എന്തു ചെയ്തുവെന്ന് അറിയാമോ? പത്തനംതിട്ടയിൽ നോട്ടീസ് കൊടുത്തത് എന്തിനാണ്? എം.എൽ.എ.മാരായ അടൂർ പ്രകാശും തിരുവഞ്ചൂർ രാധാകൃഷ്ണനും ആര്യനിവാസിൽ പത്താം തീയതി വരണമെന്നാണ്. അവർ ചെയ്തത് എന്താണ്? ആ കേസ്സിലെ പ്രതിയായ കൊല്ലം എസ്.പി.യുടെ കാറിൽ കയറി രഹസ്യമായി പത്തനംതിട്ടയിലെ ടി.ബി.യിൽ പോയി തിരുവഞ്ചൂർ രാധാകൃഷ്ണനെ തല്ലിയവരുടെ മൊഴി വാങ്ങിച്ചുകൊണ്ട് അവസാനം

LIBRARY ARCHIVES Kerala Legislative Assembly

നൽകിയ റിപ്പോർട്ട് എന്താണ്? ലോകം കണ്ട ഏറ്റവും നല്ല പോലീസാണ്, മാതൃകാപോലീസാണ് കേരളത്തിലെ പോലീസ്. അതിൽ നമുക്ക് വിശ്വാസമില്ല. അതുകൊണ്ട് ഈ സംഭവങ്ങളെക്കുറിച്ചെല്ലാം പ്രഖ്യാപിച്ചിരിക്കുന്ന ജുഡീഷ്യൽ അന്വേഷണത്തിനു പകരം ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നതാണ് എന്റെ പ്രമേയം.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാണ്. ബഹുമാനപ്പെട്ട തമ്പാനൂർ രവി അവതരിപ്പിച്ച വളരെ പ്രസക്തമായ, സമകാലീന രംഗത്ത് മനസ്സാക്ഷിയുള്ള ഏവരെയും ഞെട്ടിപ്പിച്ച സംഭവമാണ് ശ്രീനാരായണ പ്രതിമകൾക്കു നേരെയുള്ള അക്രമമെന്ന കാര്യത്തിൽ സംശയമില്ല. 18 ഗുരുദേവ പ്രതിമകളാണ് ഈ സംസ്ഥാനത്തുടനീളം ആക്രമിക്കപ്പെട്ടതെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ വഴികാട്ടിയായി നിൽക്കുന്ന മഹാനായ ശ്രീനാരായണഗുരുദേവന്റെ പ്രതിമകളെ തകർത്തെറിഞ്ഞ ശക്തികളെ കണ്ടുപിടിക്കാൻ വേണ്ടി വീമ്പിളക്കുന്നതല്ലാതെ സത്വരമായ ഒരു നടപടിയും ഇന്നുവരെ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലായെന്നുള്ളത് പകൽ വെളിച്ചംപോലെ വ്യക്തമാണ്. കൊല്ലത്ത് ഒരു വികലാംഗനെ പിടിച്ച് അയാൾ കോൺഗ്രസ്സുകാരനാണെന്ന് വരുത്തി തീർക്കാനുള്ള വ്യഥാശ്രമം നടത്തിയതല്ലാതെ മാസങ്ങൾ കഴിഞ്ഞിട്ടും ഇതിനുത്തരവാദികളായവരെ കണ്ടുപിടിച്ച് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ ഫലപ്രദമായ നടപടി സ്വീകരിച്ചില്ല.

കൊല്ലത്തു മാത്രമല്ല സംസ്ഥാനത്തുടനീളം ശ്രീനാരായണ പ്രതിമകൾക്കു നേരെ നടന്ന അക്രമങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ അക്രമങ്ങളെ തടയാൻ കഴിയാത്ത ഗവൺമെന്റിന് ഗുരുദേവ പ്രതിമകളെ എങ്ങനെ സംരക്ഷിക്കാൻ കഴിയും?

ഞങ്ങൾ അത് ചോദിക്കുന്നില്ല. പണ്ട് ജ്യോതിബസു അടക്കം ചോദിച്ച ചോദ്യമുണ്ട്. ഇന്ദിരാഗാന്ധിയെ രക്ഷിക്കാൻ കഴിയാത്ത കോൺഗ്രസ്സിന് എങ്ങനെ ഇൻഡ്യയെ രക്ഷിക്കാൻ കഴിയും? അതുപോലെ കേരളത്തിലെ നവോത്ഥാന നായകനായ ശ്രീനാരായണഗുരുവിന്റെ പ്രതിമകളെ സംസ്ഥാനത്തുടനീളം തകർത്തപ്പോൾ അതിനെ സംരക്ഷിക്കാൻ കഴിയാത്ത സർക്കാർ രാജിവച്ച് ഇറങ്ങിപ്പോകേണ്ട മര്യാദ കാണിക്കേണ്ടതാണ്. ഞങ്ങൾ അത് പറയുന്നില്ല. പക്ഷെ നിങ്ങൾ ആലോചിക്കേണ്ട പ്രശ്നം, ശ്രീമതി മേഴ്സിക്കുട്ടി അമ്മ പ്രസംഗിക്കുന്നത് ഞങ്ങൾ കേൾക്കാൻ പോകുകയാണ്.

ഞാൻ ഇത് പറയാൻ കാരണം ഇവിടെ ഈ പ്രമേയത്തിനൊരു ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. ശ്രീമതി മേഴ്സിക്കുട്ടി അമ്മയും ശ്രീ. ആനത്തലവട്ടം ആനന്ദനും. എന്താണ് ആ പ്രമേയത്തിനുള്ള ഭേദഗതി? സംഭവത്തെക്കുറിച്ച് ഉന്നതപോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ അന്വേഷിച്ച് കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കണം. ഉന്നത പോലീസ് ഉദ്യോഗസ്ഥൻ നിങ്ങൾ തീരുമാനിക്കുന്നതായിരിക്കും. ഞങ്ങൾക്കറിയാം. ഇപ്പോൾ അങ്ങനെയാണല്ലോ നിങ്ങൾ പോലീസിനെവിട്ട് തല്ലിച്ച് കൊണ്ടിരിക്കുന്നത്. അതുകൂടി ഉൾപ്പെടുത്തി "ഞങ്ങൾ പറയുന്ന ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാർ" എന്ന് ഭേദഗതി വരുത്തിയാൽ കുറച്ചുകൂടി നല്ലതായിരിക്കും. പിന്നെ പറഞ്ഞിരിക്കുന്നത് എന്താണ്? തുടർന്ന് കൊല്ലംജില്ല ഉൾപ്പെടെയുള്ള ജില്ലകളിൽ പോലീസിനുനേരെ ഉണ്ടായിരിക്കുന്ന കല്ലേറുകൾ, അക്രമങ്ങൾ, വാഹനങ്ങൾ കത്തിക്കൽ ഇവയെക്കുറിച്ചുകൂടി ജുഡീഷ്യൽ അന്വേഷണം നടത്തണം. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

'കേരള കൗമുദി' പത്രത്തിലെ ഒരു എഡിറ്റോറിയലാണ് വായിക്കുന്നത്. ശ്രീമതി മേഴ്സിക്കുട്ടിഅമ്മ കേൾക്കണം. ബുധനാഴ്ചത്തെ പത്രമാണ്, കളക്ടറുടെ നിരോധനവും പോലീസ്സിന്റെ ശൗര്യവും പുറത്തുവന്നത് ഗുരുദേവ പ്രതിമ തകർത്തതിനെതിരെയല്ല, പൊടുന്നനെയുണ്ടായ അമർഷം കാണിച്ച വർക്കെതിരെ ലാത്തിച്ചാർജ്ജ് നടത്തി. അനേകം മാന്യന്മാർക്ക് അടികൊണ്ടു. അനേകംപേർ ആശുപത്രിയിലായി. അതൊഴിവാക്കേണ്ടതല്ലായിരുന്നോ? എഡിറ്റോറിയലാണ്. നിങ്ങൾ പറഞ്ഞിരിക്കുന്ന അന്വേഷണം ആ എസ്.എൻ.ഡി.പി. യോഗത്തിലെ ലാത്തിച്ചാർജിനെക്കുറിച്ചാണ്. കൊല്ലത്ത് നടന്ന സംഭവം എ.ഐ.എസ്.എഫ്. മാർച്ച്, എസ്.എൻ.ഡി.പി. യോഗത്തിന്റെ മാർച്ച്, യൂത്ത് കോൺഗ്രസ്സിന്റെ മാർച്ച്..... നിങ്ങളുടെ ഭേദഗതി അനുസരിച്ച് ഈ മൂന്നു മാർച്ചിലുമുണ്ടായ കല്ലേറിനെയാണ് സൂചിപ്പിച്ചത്, മനസ്സിലായി. എസ്.എൻ.ഡി.പി.ക്കാരും യൂത്ത് കോൺഗ്രസ്സുകാരും, എ.ഐ.എസ്.എഫ്.കാരും കല്ലെറിഞ്ഞുവെന്ന് വരുത്തിത്തീർക്കാൻ വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടു വന്നത്. ഏതായാലും വളരെ മോശമായിപ്പോയി. ഞങ്ങളെ പറഞ്ഞോ, പക്ഷെ നിങ്ങൾക്ക് എസ്.എൻ.ഡി.പി.കാരെയും എ.ഐ.എസ്.എഫ്.കാരെയും ഒഴിവാക്കാമായിരുന്നു. ശ്രീ. കെ.പി. രാജേന്ദ്രൻ പ്രസംഗിക്കുന്നുണ്ടല്ലോ. ഈ പറഞ്ഞിരിക്കുന്ന ഭേദഗതിയെക്കുറിച്ച് പ്രസംഗിക്കണം. ഏതായാലും അത് ശരിയായില്ലെന്നു സൂചിപ്പിക്കാനെ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ. ഇവിടെ സൂചിപ്പിച്ചു സമരങ്ങൾ നടത്തുന്നു എന്ന്. ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞു സമരങ്ങൾ എല്ലാവരും നടത്താറുണ്ട്. സാധാരണ സമരമാണോ കൊല്ലം എസ്.എൻ. കോളേജിൽ നടന്നത്. ഞങ്ങൾ പറഞ്ഞതാണോ, മാതൃഭൂമി ദിനപത്രത്തിൽ ആ സംഭവവുമായി ബന്ധപ്പെട്ട് ഒരു എഡിറ്റോറിയൽ വന്നതാണ്. സാക്ഷാൽ എം.എ. ബേബി ഏറ്റവുമൊടുവിൽ പറഞ്ഞതെന്താണ്? സി.പി.ഐ. (എം) ന്റെ നേതാവല്ലേ അദ്ദേഹം. കേന്ദ്ര കമ്മിറ്റി അംഗമല്ലേ? കൊല്ലം എസ്.എൻ. കോളേജ് വിദ്യാർത്ഥികളെ ബലപ്രയോഗം നടത്തേണ്ടി വന്നത് ഖേദകരമാണെന്ന്. ആ സാഹചര്യം ഉണ്ടാക്കേണ്ടി വന്നുവെന്ന് ശ്രീമതി മേഴ്സിക്കുട്ടി അമ്മയും പറഞ്ഞു. ശ്രീ. എം.എ. ബേബിയുടെ പ്രസംഗം വായിച്ചില്ലേ? നിങ്ങൾക്ക് അത് വകയില്ല. നിങ്ങൾക്ക് അന്ധത ബാധിച്ചിരിക്കുകയാണ്. മുന്നോട്ടു പോകുമ്പോൾ പിൻതിരിഞ്ഞു നോക്കാൻ നിങ്ങൾക്ക് കഴിയുകയില്ല. നിങ്ങളെ വിജയിപ്പിച്ച സമൂഹത്തെ, നിങ്ങൾക്കുവേണ്ടി പ്രവർത്തിച്ച സമൂഹത്തെ നിങ്ങൾക്ക് ഓർമ്മയില്ല. അധികാരത്തിന്റെ മത്ത് പിടിച്ച് കണ്ണിൽ കാണുന്നവരെയൊക്കെ ചവിട്ടി മെതിച്ച് മുന്നോട്ടുപോകുകയാണ്. മുന്നോട്ടു പോകട്ടെ, പക്ഷെ നിങ്ങളെ നിങ്ങളാക്കിയ സമൂഹമുണ്ടല്ലോ ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ പണ്ട് പാടിയതുപോലെ ആ നിങ്ങൾ എങ്ങനെ നിങ്ങളായിയെന്ന് ഓർക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. അതിന്റെ പരിണിതഫലമാണ് എസ്.എൻ. കോളേജിൽ ഉണ്ടായ സംഭവവികാസങ്ങൾ. കോടതി മുമ്പാകെ വരുന്നുണ്ടല്ലോ. അതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. ഇക്കാര്യത്തിൽ ഒരു കാര്യം സൂചിപ്പിക്കാനുള്ളത് ഇത് വളരെ ഗൗരവതരമായി കാണാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുവരെ തയ്യാറായിട്ടില്ല.

ശ്രീ. പിണറായി വിജയൻ ഇവിടെ പ്രസംഗിച്ചു, എസ്.എൻ.ഡി.പി.ക്ക് എതിരല്ലായെന്ന്, എന്നിട്ട് എല്ലായിടത്തും എസ്.എൻ.ഡി.പി.ക്ക് എതിരായി പ്രസംഗിക്കുന്നു, അവരെ ഉപയോഗിക്കേണ്ട സമയത്ത് ഉപയോഗിക്കുക, തങ്ങൾ പറയുന്നത് കേൾക്കുന്നില്ലായെന്ന് വരുമ്പോൾ നിരാകരിക്കുക. എസ്.എൻ. കോളേജിലെ പ്രിൻസിപ്പലിനെ ബന്ദിയാക്കി 10 മണിക്കൂർ തടഞ്ഞുവച്ച് നിർബന്ധിച്ച് ഒപ്പിടുവിച്ചു. സി.പി.ഐ.യുടെ അഭിപ്രായം എന്താണ്? ശ്രീ.

LIBRARY ARCHIVES Kerala Legislative Assembly

രാജേന്ദ്രൻ പറയണം. പ്രിൻസിപ്പലിനെ ബന്ദിയാക്കിയ സംഭവത്തെക്കുറിച്ച് സി.പി.ഐ.യുടെ അഭിപ്രായമെന്താണ്, അത് ശരിയാണോ? എ.ഐ.വൈ. എഫിന്റെ പ്രമേയം ഇവിടെ വന്നിട്ടുണ്ട്. മാർക്സിസ്റ്റ് പാർട്ടിയിൽതന്നെ ശ്രീ. എം.എ. ബേബി പറഞ്ഞിരിക്കുന്നു ശരിയല്ലായെന്ന്. നിങ്ങളുടെ അഭിപ്രായം അറിയാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്. ഇതിനകത്ത് ഒരു ജഡ്ജിയെ വച്ചിരിക്കുന്നു. ഞങ്ങൾ ജുഡീഷ്യറിയെ ഒക്കെ ബഹുമാനിക്കുന്ന ആളുകളാണ്. തങ്ങൾ പറയുന്നതെന്തും എഴുതി കൊടുക്കാൻ കുറെ റിട്ടയേർഡ് ജഡ്ജിമാരെ വച്ചിട്ടുണ്ട്. അവർ ഇതിനെക്കുറിച്ച് അന്വേഷിപ്പിക്കുവാൻ തീരുമാനിച്ചാൽ ഈ പ്രശ്നങ്ങൾ തീരുമോ? കൊല്ലം എസ്.എൻ. കോളേജ് സംഭവം കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ തെറ്റ് ആര് ചെയ്തോട്ടെ, ഞങ്ങളാണ് കല്ലെറിഞ്ഞതെങ്കിൽ ഞങ്ങൾ ശിക്ഷിക്കപ്പെടണം. ഞങ്ങളാണ് തകർത്തതെങ്കിൽ ഞങ്ങൾ ശിക്ഷിക്കപ്പെടണം. ശ്രീ. നീലലോഹിതദാസൻ നാടാരുടെ കാര്യത്തിൽ ഒരു സിറ്റിംഗ് ജഡ്ജിയെ വച്ചല്ലേ അന്വേഷിപ്പിക്കുന്നത്? സത്യസന്ധമാകണമെന്നല്ലേ നിങ്ങൾ പറയുന്നത്. ഈ കാര്യത്തിൽ കുറ്റവാളികൾ ഞങ്ങളാണെന്ന് നിങ്ങൾക്ക് ആത്മാർത്ഥതയോടെ നെഞ്ചത്ത് കൈവച്ച് പറയാൻ കഴിയുമെങ്കിൽ എന്തുകൊണ്ട് ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയെ വച്ച് അന്വേഷിപ്പിക്കുന്നില്ല? നിങ്ങൾ പറയുന്ന റിപ്പോർട്ട് എഴുതി തരുന്ന റിട്ടയേർഡ് ഉദ്യോഗസ്ഥന്മാരെ വേണം, ജുഡീഷ്യറി ഉദ്യോഗസ്ഥന്മാരെ വേണം, അതിനുവേണ്ടിയാണ് റിട്ടയേർഡ് ഉദ്യോഗസ്ഥന്മാരെ വച്ചിരിക്കുന്നത്. ഇതിനെ അംഗീകരിക്കുന്ന പ്രശ്നമില്ല. ഇതുമായി സഹകരിക്കുന്ന പ്രശ്നമില്ല. യൂത്ത് കോൺഗ്രസ്സിന്റെ പ്രവർത്തകന്മാർ നടത്തിയ മാർച്ച് ഇവിടെ തടഞ്ഞല്ലോ, നിങ്ങൾ യുവജനസംഘടനയിലൂടെ വന്ന ആളുകൾ അല്ലേ? ഞങ്ങളുടെ സുധീർ എന്നു പറയുന്ന ചെറുപ്പക്കാരൻ ഇപ്പോഴും ചങ്ക് തിരിക്കാൻ കഴിയാതെ ഒരു മാസമായി ആശുപത്രിയിൽ കിടക്കുകയാണ്. 6 ബ്ലോക്ക് കമ്മിറ്റി പ്രസിഡന്റുമാണ്. റൗഡികളൊന്നുമല്ല. യൂത്ത് കോൺഗ്രസ്സിന്റെ നിയോജകമണ്ഡലം പ്രസിഡന്റുമാർ തലതല്ലിപ്പൊളിച്ചതുകാരണം ആശുപത്രിയിൽ കിടക്കുകയാണ്. നിങ്ങളും സമരങ്ങൾ നടത്തിയവർ ആണല്ലോ. യുവജന സമരങ്ങൾ നടത്തിയത് ഇവിടെ കേരളം കണ്ടതാണല്ലോ. ശ്രീ. വിളനിലത്തെ ഓഫീസിൽ പോകാൻ വിടാതെ തടഞ്ഞുവച്ച് അക്രമം നടത്തിയവർ അല്ലേ നിങ്ങൾ? നിങ്ങൾ നടത്തിയതു പോലെ? നിങ്ങൾ നടത്തിയതുപോലെ അക്രമസമരങ്ങൾ കേരളം കണ്ടിട്ടുണ്ടോ? ഞങ്ങൾ അക്രമസമരത്തെ പ്രോത്സാഹിപ്പിക്കുകയില്ല. ആ സമരത്തിൽ ശ്രീമതി മേഴ്സിക്കുട്ടി അമ്മ, നിങ്ങളുടെ ബ്ലോക്കിലെ ചെറുപ്പക്കാർ ആശുപത്രിയിലാണ്, ഞങ്ങൾ അതിനെക്കുറിച്ച് പറയാറില്ല. അടി കിട്ടി ആശുപത്രിയിലായത് മോശമാണെന്ന് ഞങ്ങൾ പറയാറില്ല. ഒരു സമരത്തേയും ഞങ്ങൾ അധിക്ഷേപിക്കാറില്ല. യുവജന സമരങ്ങളെ ഇത്രമാത്രം അധിക്ഷേപിക്കുന്ന സ്വഭാവമുണ്ടോ? നിങ്ങളുടെ പ്രമേയം അതാണല്ലോ, കല്ലെറിഞ്ഞതിനെയാണ് ആക്ഷേപിക്കുന്നത്, ഗുരുദേവ പ്രതിമ തകർത്തതിനെ അല്ല, എസ്.എൻ. കോളേജ് പ്രിൻസിപ്പലിനെ ബന്ദിയാക്കിയതല്ല പ്രശ്നം, ഏതോ പോലീസുകാരന്റെ വാക്കിൽ കല്ലെറിഞ്ഞതാണ് എന്നു പറയുന്ന നിങ്ങളുടെ ധാർഷ്ട്യം ഉണ്ടല്ലോ - ജനാധിപത്യകേരളം നിങ്ങളെ ഓർത്ത് ലജ്ജിച്ചു കൊണ്ടിരിക്കുന്നുവെന്നു മാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ഇതല്ല ഒരു ഗവൺമെന്റിന്റെ പോക്ക്, നേരും നെറിയുമുണ്ടാകാൻ, നിയമസമാധാനമുണ്ടാകാൻ, അതിനുവേണ്ടിയുള്ള ഈ ഗവൺമെന്റിന്റെ പോക്ക് ഇതല്ല. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായരെ പോലെയുള്ളവർ അവിടെ ഇരിപ്പുണ്ടല്ലോ,

LIBRARY ARCHIVES Kerala Legislative Assembly

അങ്ങയുടെ ജില്ലയിൽ ഇത്രയും നിഷ്ഠൂരമായ സംഭവങ്ങൾ നടന്നിട്ടും ഞങ്ങൾ കൊടുത്ത ഭേദഗതി സബ്ജുഡീസ് ആണെന്ന് പറഞ്ഞു. ശ്രീ. ചന്ദ്രശേഖരൻ നായർ, അത് സബ്ജുഡീസ് ആണെന്ന് പറഞ്ഞാൽ പറയുന്നത് കേൾക്കുക അല്ലാതെ വേറെ എന്താണ് മാർഗ്ഗം? എ.ഐ.എസ്.എഫിന്റെ കുട്ടികളെ തല്ലി, എ.ഐ.എസ്.എഫിന്റെ പ്രസിഡന്റ് വേണുഗോപാലിന്റെ പ്രസ്താവന ശ്രീ. രാജേന്ദ്രൻ ഇവിടെ വായിക്കുകയില്ല, ഞാൻ വായിക്കണം.

<u>ശ്രീ. പാലോട് രവി</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഗവൺമെന്റിനും ഈ സംഭവത്തിൽ ആത്മാർത്ഥതയില്ലെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. കോടതിവിധി നടപ്പിലാക്കാൻവേണ്ടി പോലീസിനെ ശിവഗിരിയിൽ അയയ്ക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണൻ, ശിവദാസമേനോൻ, മുഖ്യമന്ത്രി നായനാർ, ശ്രീ. അച്യുതാനന്ദൻ ഒക്കെ എന്ത് ആവേശം കാണിച്ചു. എസ്.എൻ.ഡി.പി. ആസ്ഥാനത്ത് ആദ്യമായി ഉണ്ടാക്കിയ ആർ. ശങ്കർ സ്ഥാപിച്ച ഈ ഗുരുദേവ പ്രതിമ തകർത്തപ്പോൾ എത്രതവണ മുഖ്യമന്ത്രി കൊല്ലം വഴി കടന്നുപോയി. അവിടെയൊന്ന് തിരിഞ്ഞു നോക്കാനുള്ള മര്യാദ കാണിച്ചോ?

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : അതു മാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രിമാർ അടക്കമുള്ളവർ അവിടെ പോയില്ല. പാവപ്പെട്ട ശ്രീ. വി.പി. രാമകൃഷ്ണപിള്ളയെ അങ്ങോട്ട് അയച്ചു. അതുമാത്രമല്ല അവിടെ ഈ കാര്യങ്ങൾ നേരിട്ട് കാണാൻ പോയ ശ്രീ. വർക്കല രാധാകൃഷ്ണന് ചെവി കേൾക്കുകയില്ലായെന്നാണ് പറഞ്ഞത്. ഇവർ പോയില്ല എന്നു മാത്രമല്ല പോയ ഒരാളെ അയാൾക്ക് ചെവി കേൾക്കില്ലായെന്നുംകൂടി ആക്ഷേപിക്കുകയാണ്. ഇതിനപ്പുറം നിങ്ങൾ ഈ രാജ്യത്ത് എന്ത് ചെയ്യുവാനാണ്? അതുകൊണ്ട് ഈ കാര്യത്തിൽ ഒരു സിറ്റിംഗ് ജഡ്ജിയെവച്ച് അന്വേഷിപ്പിക്കണം. കൊല്ലം എസ്.എൻ. കോളേജിലെ പ്രിൻസിപ്പലിനെ ബന്ദിയാക്കിയ സംഭവം, അതുപോലെ യൂത്ത് കോൺഗ്രസ്സിന്റെ ലാത്തിചാർജ്ജ്, ഡി.സി.സി. ഓഫീസ് ആക്രമണം, ഗുരുദേവ പ്രതിമ തകർത്ത സംഭവം ഇതൊക്കെ ഒരു സിറ്റിംഗ് ജഡ്ജിയെവച്ച് കുറ്റക്കാരെ ശിക്ഷിക്കുവാൻ തയ്യാറാകുന്നില്ലായെങ്കിൽ ഈ സമരത്തിന്റെ കൊടുങ്കാറ്റിൽ ഈ ഗവൺമെന്റ് ആടിയുലയുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ശ്രീനാരായണ ഗുരുദേവനോട് കളിച്ചാൽ നിങ്ങൾക്ക് രക്ഷ കിട്ടില്ല സുഹൃത്തുക്കളേ, അത് മനസ്സിലാക്കാൻവേണ്ടി പോകുന്നു, ഞങ്ങൾ ഇതിനെ രാഷ്ട്രീയവൽക്കരിച്ചിട്ടില്ല, ഇപ്പോഴും രാഷ്ട്രീയവൽക്കരിച്ചിട്ടില്ല, പക്ഷേ രാഷ്ട്രീയവൽക്കരിക്കുന്നത് നിങ്ങളാണ്, അത് മനസ്സിലാക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> : കേരളത്തിന്റെ നവോത്ഥാന നായകൻ ശ്രീനാരായണഗുരുദേവന്റെ പ്രതിമകൾ തകർത്ത സാമൂഹ്യവിരുദ്ധശക്തികളെ അറസ്റ്റ് ചെയ്ത് മാതൃകാപരമായി ശിക്ഷിക്കുന്നതിനും ഇതിന്റെ പേരിൽ ജനങ്ങളുടെ സൈര്യജീവിതം തകർക്കുക എന്ന ഗൂഢലക്ഷ്യത്തോടുകൂടി ക്രമസമാധാനനില തകർക്കുന്നതിന് ആസൂത്രിതമായി പ്രവർത്തിച്ച സാമൂഹ്യവിരുദ്ധ ശക്തികളെ അറസ്റ്റ് ചെയ്യുന്നതിനും കൊല്ലംജില്ല ഉൾപ്പെടെയുള്ള ജില്ലകളിൽ പോലീസിന് നേരെയുണ്ടായ കല്ലേറുകൾ, ആക്രമണങ്ങൾ, വാഹനങ്ങൾ ഉൾപ്പെടെയുള്ള പൊതുമുതൽ നശിപ്പിക്കൽ എന്നിവ സംബന്ധിച്ച് ഉന്നത പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ അന്വേഷിപ്പിക്കുന്നതിനും ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള ജുഡീഷ്യൽ അന്വേഷണം സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും ഈ സഭയോട് ആവശ്യപ്പെടുന്നു. ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ തമ്പാനൂർ. രവിയും അതിനെ പിന്താങ്ങിക്കൊണ്ട് ശ്രീ. കെ.സി. വേണുഗോപാലും ഇവിടെ സംസാരിച്ചു. ഇതിൽ ഒരു വസ്തുത, കേരളത്തിന്റെ നവോത്ഥാന നായകനായ ശ്രീനാരായണഗുരുവിന്റെ പ്രതിമ തകർക്കുന്നതിന്റെ പിന്നിൽ ഒരു ലക്ഷ്യമുണ്ട്. ഈ പ്രതിമ തകർത്ത പ്രതികളെ പിടിച്ചിട്ടുള്ളത് എവിടെയൊക്കെയാണോ അവിടെയൊക്കെ അവർ അല്ലായെന്ന് പറയാനുള്ള ഒരു വ്യഗ്രത. എന്തിനാണ് ഈ വ്യഗ്രത കാട്ടുന്നത്? ശ്രീനാരായണ പ്രതിമ തകർക്കുന്നത് നല്ല ലക്ഷ്യത്തോടുകൂടി അല്ലായെന്ന് തിരിച്ചറിയുന്നവരാണ് ഞങ്ങൾ, ശ്രീനാരായണഗുരുദേവന്റെ പ്രതിമ തകർക്കുന്നതിന്റെ പിന്നിലുള്ള രാഷ്ട്രീയലക്ഷ്യം എന്തെന്ന് തിരിച്ചറിയുന്നവരാണ് ഞങ്ങൾ. കേരളത്തിന്റെ മണ്ണിൽ കേരളത്തിന്റെ പുരോഗതിക്ക് അടിത്തറയിട്ട നവോത്ഥാന നായകനായ ശ്രീനാരായണഗുരുദേവന്റെ പ്രതിമ തകർക്കാൻ ഇടതുപക്ഷപ്രസ്ഥാനവുമായി പുലബന്ധമുള്ളവർപോലും സന്നദ്ധമാവുകയില്ലായെന്നതിൽ ഒരു തർക്കവും വേണ്ട. കൊല്ലത്തെ പ്രതിമ തകർത്തതിന്റെ പിന്നിൽ ഒരു രാജനെ പോലീസ് അറസ്റ്റ് ചെയ്തു. രണ്ടാം ദിവസം കോൺഗ്രസ്സിന്റെ നേതാവ് ശ്രീ. കടവൂർ ശിവദാസൻ പത്രസമ്മേളനം നടത്തി പ്രഖ്യാപിച്ചു. ഇയാളെ ഞങ്ങൾ കോൺഗ്രസ്സിൽനിന്നും പുറത്താക്കി, എന്തിനാണ് അങ്ങനെ പത്രസമ്മേളനം നടത്തിയത്? പത്രസമ്മേളനം നടത്തി പ്രഖ്യാപിച്ചില്ലേ, നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? ശ്രീ. കടവൂർ ശിവദാസൻ കോൺഗ്രസ്സിന്റെ സംസ്ഥാന സെക്രട്ടറിമാരിൽ ഒരാളല്ലേ? അദ്ദേഹം പത്രസമ്മേളനം നടത്തി പ്രഖ്യാപിച്ചു രാജൻ ഞങ്ങളുടെ പാർട്ടിയിൽ ഇപ്പോൾ ഇല്ല, പണ്ട് ഉണ്ടായിരുന്നതാണ്. താങ്കൾ കോൺഗ്രസ്സിൽനിന്നും പുറത്താക്കിയെന്ന് പറഞ്ഞു. അതേ കടവൂർ ശിവദാസൻ രണ്ടുദിവസം കഴിഞ്ഞപ്പോൾ അവിടെ സബ്ജയിൽ സന്ദർശിച്ച് രാജനെ കണ്ടു, അയാൾക്ക് ജാമ്യം കിട്ടാൻ വേണ്ട നടപടി സ്വീകരിച്ചു. പത്രസമ്മേളനം നടത്തി ഇയാൾ ഞങ്ങളുടെ കോൺഗ്രസ്സിൽ ഇല്ലായെന്ന് പ്രഖ്യാപിക്കുക, അവിടെ പോയി ഇയാൾക്ക് ജാമ്യമെടുക്കാനാവശ്യമായ സഹായം ചെയ്തുകൊടുക്കുക. ഇയാൾ പുറത്തുവന്നിട്ട് പറയുകയാണ് ഞാൻ ഇപ്പോഴും കോൺഗ്രസ്സുകാരൻ തന്നെയാണെന്ന്. പത്രത്തിൽ ഇയാളുടെ പ്രഖ്യാപനമുണ്ട്. മനോരമ റിപ്പോർട്ട് ചെയ്തില്ലേ? മനോരമയും ഇപ്പോൾ കോൺഗ്രസ്സിന്റെ കൂട്ടരും ഈ പ്രതിമ തകർത്തതിൽ രാജന് ബന്ധമില്ലെന്ന് സ്ഥാപിക്കാനുള്ള വിഫലശ്രമത്തിലാണ്. ഇത് അവിടെ മാത്രമാണോ? പല്ലന ഗുരുമന്ദിരത്തിനു നേരെ നടന്ന ആക്രമണത്തിന് തയ്യാറെടുത്ത രണ്ടാളുകളെ പിടിച്ചില്ലേ? എന്താണ് പത്രങ്ങൾ റിപ്പോർട്ട് ചെയ്തത്? കോൺഗ്രസ്സുകാരാണ് അവർ. അല്ലായെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ഈ രാജ്യത്തെ മുഴുവൻ പത്രങ്ങളും റിപ്പോർട്ട് ചെയ്തത് അവർ കോൺഗ്രസ്സുകാരാണെന്നാണ്. ബാലരാമുരത്ത് ഗുരുമന്ദിരം തകർക്കാൻ ശ്രമിച്ച 5 പേർ പിടിയിലായി. അതിന് ആരാണ് പ്രതികൾ? തൊട്ട് തലേദിവസം അവിടെ കോൺഗ്രസ്സും മറ്റും നടത്തിയ പ്രതിഷേധ പ്രകടനത്തിൽ പങ്കാളികളായിരുന്ന ആളുകളാണ് ബാലരാമപുരത്ത് നടന്ന സംഭവത്തിന്റെ പിന്നിലും പല സംഭവത്തിന്റെ പിന്നിലും, പ്രതിഷേധപ്രകടനത്തിൽ പങ്കെടുത്തവർ തന്നെയല്ലേ? അത് നിഷേധിക്കാൻ കഴിയുമോ? രണ്ടുമൂന്നു ദിവസം മുമ്പ് അഞ്ചലിൽ ഒരു കുരിശടി തകർത്തതുമായി ബന്ധപ്പെട്ട് തൊട്ടടുത്ത് ഒരു പന്തൽ കെട്ടാൻ ചെന്നവരെ പിടിച്ചു. ആ പിടിച്ചവർ ആരാണ്? ആർ.എസ്.എസ്. കാവി മുണ്ടും ഉടുത്ത് കൈയിൽ ചരടും കെട്ടിയ ഒരുത്തനെ അഞ്ചലിൽ മൂന്നു ദിവസം മുമ്പ് അറസ്റ്റ് ചെയ്തു. കേരളത്തിൽ അങ്ങോളമിങ്ങോളം ഗുരുപ്രതിമകൾ

LIBRARY ARCHIVES Kerala Legislative Assembly

തകർത്തുകൊണ്ടും കുരിശടികൾ തകർത്തുകൊണ്ടും കേരളത്തിൽ നില നിൽക്കുന്ന മതസൗഹാർദ്ദം തകർക്കുക എന്ന ഗൂഢമായ ലക്ഷ്യത്തോടുകൂടി ബി.ജെ.പി.യും കോൺഗ്രസും ആസൂത്രിതമായി നടത്തുന്ന അക്രമങ്ങളാണ് ഇതിന്റെ പിന്നിലുള്ളത് എന്ന് ഞാൻ സംശയരഹിതമായി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം ഒരു കാര്യം കൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗുരുദേവ പ്രതിമകൾ തകർക്കുന്നവർ ആരാണെങ്കിലും അവരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാകണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കൊല്ലത്തെ പോലീസ് കുറച്ച് ആളുകളെ കണ്ടെത്തി. പക്ഷെ അത് സമയബന്ധിതമായി ചെയ്യണം. അതിന് പറ്റുന്ന തരത്തിലേക്ക് ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാരെയടക്കം വിന്യസിച്ചുകൊണ്ട് ഈ രാഷ്ട്രീയമായ ഗൂഢലക്ഷ്യം തിരിച്ചറിഞ്ഞുകൊണ്ട് ആരാണ് ഇതിന്റെ പിന്നിലെ സാമൂഹ്യവിരുദ്ധ ശക്തികൾ എന്ന് ജനങ്ങൾക്ക് കാട്ടിക്കൊടുക്കേണ്ടതുണ്ട്. അതിന് ഒട്ടും അമാന്തം കാട്ടിക്കൂടാ. പക്ഷെ ഇതിന്റെ പേരിൽ എന്താണ് കൊല്ലത്ത് നടത്തിയത്? ഇതിനൊന്നും ആർക്കും ഒരു കുഴപ്പവുമില്ല. ഇവിടെ ശ്രീ. വേണുഗോപാൽ പറഞ്ഞു, ശ്രീനാരായണീയരെ തൊട്ടുകളിച്ചാൽ.....ശ്രീ. വേണുഗോപാലിന്റെ കുത്തകയാണോ കേരളത്തിലെ ശ്രീനാരായണീയർ? കേരളത്തിലെ ശ്രീനാരായണീയർ ആരുടെയെങ്കിലും പിണിയാളുകൾ അല്ല. ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ശക്തമായ അടിത്തറതന്നെയാണ് പണിടെയെടുക്കുന്നവർ എന്ന നിലയിൽ, അധ്വാനിക്കുന്നവർ എന്ന നിലയിൽ ശ്രീനാരായണീയർ എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ആ കാര്യത്തിലൊന്നും ആർക്കും ഒരു ആശങ്കയും വേണ്ട. കൊല്ലത്ത് എന്താണ് ഇതിന്റെ പേരിൽ നടത്തിയത്? ഞാനിവിടെ കേരള കൗമുദി പത്രം വായിക്കുകയാണ്. ഇവിടെ ഇപ്പോൾ ശ്രി. കെ.സി. വേണുഗോപാൽ പറഞ്ഞില്ലേ, 'ഞങ്ങൾ അക്രമം കാണിക്കില്ല, ഞങ്ങൾ ഒരു അക്രമവും കാണിച്ചില്ല' എന്ന്. ഞാൻ കേരള കൗമുദി ഭാഷയിൽ തന്നെ മറുപടി പറയുകയാണ്. കേരള കൗമുദി എന്താണ് എഴുതിയിരിക്കുന്നത്? ഇത് ഫെബ്രുവരി 16-ാം തീയതിയിലെ കേരള കൗമുദി പത്രമാണ്. 'സാമൂഹ്യവിരുദ്ധ സംഘങ്ങളെപ്പോലും ലജ്ജിപ്പിക്കുന്നവിധം നഗരത്തിൽ അഴിഞ്ഞാടിയ കോൺഗ്രസ്സ് പ്രവർത്തകർ മണിക്കൂറുകളോളം ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. കേരള കൗമുദി എഴുതിയിരിക്കുകയാണ്. വേറൊരു പത്രവുമല്ല. പോലീസ് സംഘം നിഷ്ക്രിയരായി നോക്കി നിന്നതല്ലാതെ അക്രമികളെ നേരിടാൻ തയ്യാറയതേയില്ല'. മാർച്ചിൽ പങ്കെടുത്തതിനുശേഷം പല സംഘങ്ങളായി പിരിഞ്ഞ് വിവിധ സ്ഥലങ്ങളിലേക്ക് പോയവരാണ്. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ അക്രമവും ഭീകരാന്തരീക്ഷവും സൃഷ്ടിച്ചത്. ചിന്നക്കട മെയിൻ റോഡ്, പായ്ക്കട റോഡ്, താലൂക്ക് ഓഫീസ് ജങ്ക്ഷൻ, ഉപാസന ഓഫീസ് ജങ്ക്ഷൻ, കടപ്പാക്കട, ബീച്ച് റോഡ് തുടങ്ങിയ സ്ഥലങ്ങളിലൊക്കെ അക്രമികൾ കണ്ണിൽ കണ്ടതെല്ലാം എറിഞ്ഞ് തകർക്കുകയും മുപ്പതോളം കെ.എസ്.ആർ.ടി.സി ബസുകൾ, 9 സ്വകാര്യ ബസുകൾ, ഒരു ടൂറിസ്റ്റ് ടാക്സി, കടകൾ, പോലീസ് വാഹനം എന്നിവയ്ക്കു നേരെ കല്ലേറ് നടത്തി. പി.റ്റി.ഐ ലേഖകൻ ശ്രീ. കെ.എസ്. ഭാസ്ക്കരനു പോലും പരിക്കേറ്റു. ഞങ്ങളാരുമല്ല ഇത് എഴിതിയിരിക്കുന്നത്. കേരള കൗമുദിയാണ്. എന്നിട്ട് വീണ്ടും കേരള കൗമുദി പറയുകയാണ്, ഇരുന്നൂറോളം പോലീസുകാർ കാഴ്ചക്കാരെപ്പോലെ നോക്കി നിൽക്കെ ക്യാമ്പിനകത്തേയ്ക്ക് അക്രമികൾ തുരുതുരെ കല്ലെറിഞ്ഞു. ഏറുകൊണ്ട് എല്ലാം തകർന്ന് തരിപ്പണമായി. രണ്ട് പോലീസുകാർക്ക് പരിക്കേറ്റു. അടുക്കളയിൽ പാചകം നടന്നുകൊണ്ടിരിക്കെയാണ്

LIBRARY ARCHIVES Kerala Legislative Assembly

അക്രമം തുടങ്ങിയത്. കല്ലേറിൽ തകർന്ന അവശിഷ്ടങ്ങൾ വീണ് ഭക്ഷണപദാർത്ഥങ്ങൾ ഉപയോഗശൂന്യമായി. ബസ്സുകളിൽ യാത്രക്കാരെ ഇരുത്തിക്കൊണ്ടാണ് അക്രമികൾ കല്ലേറ് നടത്തിയത്. സ്ത്രീകളടക്കം നിരവധി പേർക്ക് പരിക്കേറ്റു. യു.എം.സി. റോഡിലുള്ള മുനിസിപ്പൽ ക്യാന്റീൻ, റെയിൽവേ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് എന്നിവയുടെ ജനാലകൾ തകർന്ന് തരിപ്പണമായി. റെയിൽവേ സ്റ്റേഷൻ, കർമ്മലാ റോഡിൽ രണ്ട് സ്വകാര്യ ബസുകൾക്കു നേരെയും ടാക്സി കാറുകൾക്ക് നേരെയും അക്രമം നടന്നു. കൊല്ലത്ത് ഇതാണോ സമാധാനപരം എന്ന് പറഞ്ഞത്? എന്നിട്ട് വേണു പറഞ്ഞു, കോൺഗ്രസ് സമാധാനപരമാണെന്ന്. ഇത് സമാധാനപരമായിട്ടുള്ളതാണോ? ഇനി മനോരമ പത്രം പറയുന്നു. 'കോൺഗ്രസ് മാർച്ച്, പലയിടത്തും കല്ലേറ്, ലാത്തിച്ചാർജ്ജ്' എന്താണ് മനോരമ പറയുന്നത്? കൊല്ലത്ത് രൂക്ഷമായ കല്ലേറ്. എ.ആർ. ക്യാമ്പ്, മുനിസിപ്പൽ ഓഫീസ് തുടങ്ങിയ നിരവധി സ്ഥാപനങ്ങളുടേയും വാഹനങ്ങളുടെയും ചില്ലുകൾ തകർന്നു. ഏറെ ആത്മസംയമനം പാലിച്ച പോലീസ് പിന്നീട് അക്രമികളെ വിരട്ടിയോടിച്ചു. വീണ്ടും മനോരമ പറയുകയാണ്. കല്ലേറിൽ നോർത്ത് അസിസ്റ്റന്റ് കമ്മിഷണർ ശ്രീ. എ.വി. ജോർജ് ഉൾപ്പെടെ 10 പോലീസുകാർക്ക് പരിക്കേറ്റു. സംസ്ഥാന വ്യാപകമായി നിങ്ങൾ അക്രമം അഴിച്ചുവിട്ടതായിട്ടാണ് മനോരമ പറയുന്നത്. മാധ്യമം പത്രം പറയുന്നത്, കോൺഗ്രസ് മാർച്ച് അക്രമാസക്തമായി. കൊല്ലത്ത് തേർവാഴ്ച. കടകളും ബസ്സുകളും തകർത്തു. കാസർകോഡ് കല്ലേറിലും ലാത്തിച്ചാർജ്ജിലും എസ്.ഐ.യ്ക്ക് അടിയേറ്റു. അതുപോലെ മാതൃഭൂമിയടക്കമുള്ള പത്രങ്ങൾ ഈ അക്രമത്തെക്കുറിച്ച് എഴുതി. ഇവിടെ ശ്രീ. കെ.സി. വേണുഗോപാൽ കേരള കൗമുദിയുടെ എഡിറ്റോറിയൽ ഉദ്ധരിച്ചുകൊണ്ടു പറഞ്ഞു. കേരള കൗമുദി ഫെബ്രുവരി 17-ാം തീയതിയിലെ എഡിറ്റോറിയൽ ഞാനും ഉദ്ധരിക്കുകയാണ്. എന്താണ് കേരള കൗമുദി എഴുതിയിരിക്കുന്നത്? പോലീസിന്റെ അതിക്രമങ്ങൾക്കു എതിരെ മുറവിളി കൂട്ടുന്ന കോൺഗ്രസ് നേതാക്കൻമാർക്ക് തങ്ങളുടെ അണികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിഞ്ഞ 2 ആഴ്ചക്കുള്ളിൽ കാട്ടിക്കൂട്ടിയ അക്രമ പേക്കൂത്തുകൾക്ക് ജനങ്ങളോട് എന്തു സമാധാനമാണ് പറയാനുള്ളത്? മാർച്ചിന്റെ പേരിൽ തകർപ്പെട്ട എണ്ണമറ്റ ട്രാൻസ്പോർട്ട് ബസ്സുകൾക്കും സ്വകാര്യ ബസ്സുകൾക്കും മറ്റ് വാഹനങ്ങൾക്കും നഷ്ടപരിഹാരം കോൺഗ്രസ് നേതാക്കൾ നൽകുമോ? ഹർത്താലിന്റെ പേരിൽ നാനാവിഭാഗം ജനങ്ങൾക്കുണ്ടായ പലവിധ കഷ്ടപ്പാടുകളെപ്പറ്റി സങ്കടപ്പെടാൻ ഈ നേതാക്കളിൽ ആരെങ്കിലും ഉണ്ടാകുമോ? അവിടംകൊണ്ടും തീരുന്നില്ല. കേരള കൗമുദിയുടെ എഡിറ്റോറിയൽ പറയുകയാണ്. 'തങ്ങൾ നിഷ്ക്രിയരല്ല എന്ന് വരുത്തി തീർക്കാനും അധികം അകലെയല്ലാത്ത തെരഞ്ഞെടുപ്പുകളിൽ കണ്ണുവയ്ക്കാനുമുള്ള ഒരു രാഷ്ട്രീയ അഭ്യാസം എന്നതിനപ്പുറം ഈ ഹർത്താൽ ജനങ്ങളുടെ ഒരു ആവശ്യത്തിനും വേണ്ടിയായിരുന്നില്ല എന്ന് ജനങ്ങൾക്ക് ബോധ്യമുണ്ട്'. ഇത് കേരള കൗമുദിയുടെ എഡിറ്റോറിയലാണ്. എന്തിനാണ് നിങ്ങൾ ഹർത്താൽ നടത്തിയത്? ശ്രീനാരായണ പ്രതിമകളെ രക്ഷിക്കുന്നതിനാണോ? കേരളത്തിലെ മലയാള മനോരമയടക്കമുള്ള പത്രങ്ങൾ എഡിറ്റോറിയൽ അടക്കം എഴുതിക്കൊണ്ട് കേരളത്തിൽ ആസൂത്രിതമായി അക്രമം അഴിച്ചുവിടുന്നതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകിയതാണ്. ഞങ്ങൾക്ക് ഇവിടെ പറയാനുള്ളത് കേരളത്തിൽ ഇന്നൊരു പുതിയ പ്രസ്ഥാനം ഉയർന്നു വരികയാണ്. കോൺഗ്രസ്സും ബി.ജെ.പി.യും കൂടി സംഘടിതമായി ചേർന്നുകൊണ്ട് പുകഴ്പെറ്റ കേരളത്തിന്റെ മതേതരത്വത്തെ തകർക്കാൻ ആസൂത്രിതമായി ശ്രമം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുമ്പോൾ ഇതിനെതിരെ ജാഗരൂകരായിക്കൊണ്ട് ഗുരുദേവ പ്രതിമ തകർക്കുന്ന സാമൂഹ്യവിരുദ്ധ ശക്തികൾ ആരാണെങ്കിലും കർശനമായ നടപടി സ്വീകരിക്കാൻ അന്വേഷണം നടത്തണമെന്നു തന്നെയാണ് ഞങ്ങൾക്ക് പറയാനുള്ളത്. അതിന്റെ ഭാഗമായി നടത്തുന്ന ഈ ഗൂഢാലോചനകളെ ജനങ്ങളുടെ മുന്നിൽ തുറന്നു കാട്ടുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. തമ്പാനൂർ രവി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഒരു ജാതി ഒരു മതം എന്നുള്ള ആദർശത്തിൽ വിശ്വസിക്കുകയും ആ ആദർശം ജനസമൂഹങ്ങളിലേക്ക് എത്തിക്കുകയും ചെയ്ത സാംസ്ക്കാരിക നവോത്ഥാനത്തിന്റെ സാസ്ക്കാരിക പ്രതീകമായിരുന്നു ശ്രീനാരായണ ഗുരു. അതുപോലെ തന്നെ സർവ്വസമുദായ സൗഹാർദ്ദത്തിന്റെയും അതോടൊപ്പം തന്നെ സാമൂഹ്യ പരിഷ്കാരത്തിന്റെയും ഏറ്റവും ഉന്നത സ്ഥാനം വഹിച്ച ആളായിരുന്നു മഹാനായ ശ്രീ നാരായണ ഗുരുദേവൻ. കേരളത്തെ സംബന്ധിച്ചിടത്തോളം ഗുരുദേവന്റെ പ്രതിമ തകർക്കലിനെയും അതിനോടനുബന്ധിച്ച് നടന്ന വിവാദങ്ങളെയും കേരളത്തിലെ മുഴുവൻ ജനങ്ങളും അതുപോലെ ഈ സഭയും ഒന്നടങ്കം അപലപിക്കേണ്ടതുണ്ട്. അത്രമാത്രം കേരളീയരുടെ ജനഹൃദയങ്ങളിൽ ആ മഹാൻ ഇന്ന് ഏറ്റവും വലിയ സ്ഥാനം പിടിച്ചിരിക്കുന്നു എന്നുള്ളത് എല്ലാവരും സമ്മതിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. കേരളത്തിന്റെ സർവ്വ പുരോഗതിയുടേയും അതോടൊപ്പം തന്നെ കേരളത്തിലെ മതസൗഹാർദ്ദത്തിന്റെയും പിന്നിൽ ആ മഹാന്റെ സന്ദേശമുണ്ടായിരുന്നു. അതിനു വേണ്ടി പ്രവർത്തിച്ച മഹാനായിരുന്നു അദ്ദേഹം. കൊല്ലം ശ്രീനാരായണ കോളേജ് സമരത്തോടനുബന്ധിച്ചും സമരം അവസാനിച്ചശേഷവും കേരളത്തിൽ പലയിടത്തും സാമൂഹ്യദ്രോഹികൾ ശ്രീനാരായണ ഗുരുദേവന്റെ പ്രതിമകൾ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നേരത്തെ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഏതാണ്ട് പതിനെട്ടോളം പ്രതിമകൾ നശിപ്പിക്കുകയുണ്ടായി. അതിൽ പ്രധാനപ്പെട്ടത് കൊല്ലത്തെ ശ്രീനാരായണ ധർമ്മപരിപാലന യോഗം അങ്കണത്തിലുള്ള ഗുരുമന്ദിരം തകർത്തു. അതിൽ പ്രതിഷ്ഠിച്ചിരുന്ന ഗുരുദേവന്റെ പ്രതിമ അംഗഭംഗം വരുത്തി വികൃതമാക്കി. രണ്ടാമത് കൊല്ലം ജില്ലയിൽ തന്നെ ചാത്തന്നൂർ കല്ലുവാതുക്കൾ ജംഗ്ഷനു സമീപം ദേശീയപാതയിൽ പ്രതിഷ്ഠിച്ചിരുന്ന ഒരു പ്രതിമയും തകർക്കപ്പെടുകയുണ്ടായി. ആലപ്പുഴ ജില്ലയിൽ മാരാരിക്കുളത്തിനടുത്ത് വളവനാട് ദേശീയപാതയ്ക്കു സമീപമുള്ള ശ്രീനാരായണ ഗുരുമന്ദിരത്തിനുനേരെയും അക്രമം അഴിച്ചുവിടുകയുണ്ടായി. ഇതുകൂടാതെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി ഏതാണ്ട് പതിനെട്ടോളം ഗുരുദേവന്റെ പ്രതിമകൾ ആണ് തകർക്കപ്പെട്ടത്. ഏതൊരു മനസ്സാക്ഷിയേയും ലജ്ജിപ്പിക്കുന്ന, അതുപോലെ നമ്മുടെ സാംസ്ക്കാരിക കേരളത്തിന് അപമാനമാണ് ഇത്തരം സംഭവങ്ങൾ. ഈ കാര്യത്തിൽ ആരും ആരേയും കുറ്റപ്പെടുത്തിയത് കൊണ്ടായില്ല. പോലീസ് സേനയെപ്പറ്റി നമുക്കറിയാം. കേരളത്തിലെ പോലീസ് സേനയെ സംബന്ധിച്ചിടത്തോളം അഭിമാനം കൊള്ളുന്നതാണ് നാം. നിഷ്പക്ഷവും നീതിപൂർവ്വകവുമായി കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിൽ അവർക്ക് അവസരം കൊടുത്താൽ വിജയിച്ചവരാണ്. ഇത്രത്തോളം സംഭവങ്ങൾ നടന്നിട്ടു പോലും ഇതിന്റെ യഥാർത്ഥ പ്രതികളെ കണ്ടുപിടിച്ചിട്ടില്ല. ഈ സാമൂഹ്യദ്രോഹികൾ ഏതു വിഭാഗത്തിൽപ്പെട്ടവരായാലും ശരി, അവരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കേണ്ടതുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇവിടെ ഡി.സി.സി. ഓഫീസിനുനേരെ അക്രമം അഴിച്ചുവിടുകയുണ്ടായി. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

ജനപ്രതിനിധികൾക്കു നേരെ ലാത്തിച്ചാർജ്ജുകൾ ഉണ്ടായി. അക്രമങ്ങളുണ്ടായി. ഇവയെല്ലാംതന്നെ ജനാധിപത്യ കേരളത്തെ സംബന്ധിച്ചിടത്തോളം അപലപനീയമാണ്. ഇത്തരം സംഭവങ്ങൾ ഒരിക്കലും ഈ സംസ്ഥാനത്ത് ആവർത്തിക്കാൻ പാടില്ല. ശ്രീനാരായണഗുരു മന്ദിരത്തിനും, സ്ഥാപനങ്ങൾക്കും, അതുപോലെ പ്രതിമകൾക്കും ആവശ്യമായ സംരക്ഷണം ഗവൺമെന്റ് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതിന് പ്രാദേശികതലത്തിലും പോലീസ് സ്റ്റേഷനുകളിലും, ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുകയാണ്. അതൊടൊപ്പം നമ്മുടെ സംസ്ഥാനത്ത് എല്ലാ രാഷ്ട്രീയ/ജനപ്രതിനിധികൾക്കും പ്രകടനങ്ങളും മറ്റും നടത്താനുള്ള സ്വാതന്ത്ര്യമുണ്ട്. അതിന് അനുവദിക്കണം. ഇത്തരം സംഭവങ്ങളിൽ വല്ല പോരായ്മകളും അക്രമങ്ങളും നടന്നിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്തുകയും നീതി നിഷേധിച്ചിട്ടുണ്ടെങ്കിൽ അവരുടെ പേരിൽ നടപടികൾ എടുക്കുകയും വേണം. ഇത്തരം സംഭവങ്ങളിൽ യഥാർത്ഥ പ്രതികളെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ നിഷ്പക്ഷമായി അന്വേഷണം നടത്തി യഥാർത്ഥ കുറ്റവാളികളെ കണ്ടുപിടിക്കണം. ആരു ശിക്ഷിക്കപ്പെടുന്നതിലും ഞങ്ങൾക്ക് രണ്ടഭിപ്രായമില്ല. ഇവിടെ പരസ്പരം രാഷ്ട്രീയാരോപണങ്ങൾ ഉന്നയിച്ചതുകൊണ്ടു പ്രശ്നം തീരുകയില്ല. ഇത്തരം സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നത് കേരളത്തിന് ലജ്ജാകരമാണ്. അതുകൊണ്ട് ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ഇത്തരം സംഭവങ്ങൾ അന്വേഷിപ്പിച്ച് കുറ്റവാളികളെ കണ്ടുപിടിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും സഭയോടും അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

[12 Noon

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, കേരളത്തിലെ ശ്രീനാരായണീയരിലും സമാധാനം ആഗ്രഹിക്കുന്ന, സൈരജീവിതം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന എല്ലാ വിഭാഗം ജനങ്ങളിലും ആശങ്കയും ദുഃഖവുമാണ് ശ്രീനാരായണീയ പ്രതിമകൾക്കു നേരെ നടന്ന അക്രമങ്ങളിലൂടെ ഉണ്ടായിട്ടുള്ളത്. അത് കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വളരെ ശക്തമായ നടപടിയെടുക്കുന്നുണ്ട് എന്നാണ് ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നത്. ആ അന്വേഷണവും പ്രതികളെ കണ്ടുപിടിക്കാനുള്ള നടപടികളുമൊക്കെ സജീവമാക്കണമെന്നും, ഊർജ്ജിതമാക്കണമെന്നും, നമ്മുടെ നാട്ടിലെ സമാധാന ജീവിതത്തിനും മത സൗഹാർദ്ദത്തിനും ഭീഷണിയായി വളർന്നുവരുന്ന ഈ സംഭവങ്ങളുടെ പിന്നിലുള്ള നിഗൂഢശക്തികളെ തിരിച്ചറിയണമെന്നും യഥാർത്ഥ കുറ്റവാളികളെ കണ്ടുപിടിച്ച് അവരെ ജനങ്ങളുടെ മുമ്പിൽ കൊണ്ടുവരാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. നന്മയുടെയും സ്നേഹത്തിന്റെയും അറിവിന്റെയും വെളിച്ചമാണ് ശ്രീനാരായണ ദർശനങ്ങൾ. അത് ആരെങ്കിലും വിചാരിച്ചാൽ തല്ലിക്കെടുത്താൻ കഴിയുന്നില്ല. ഈ രാജ്യത്തെ നവോത്ഥാന പ്രസ്ഥാനമായാലും സമൂഹത്തിന്റെ പരിഷ്ക്കരണ വിപ്ലവ പ്രവർത്തനങ്ങളായാലും അതിലൊക്കെ ആ ദർശനവും, വെളിച്ചവും നല്ലവണ്ണം ഉയർന്നു നിൽക്കുകയാണ്. ശ്രീനാരായണീയരിലൂടെ കേരളത്തിൽ കടന്നു വരാൻ ബി.ജെ.പി. നടത്തുന്ന പരിശ്രമങ്ങളൊക്കെ പല തവണ ആവർത്തിച്ചുപറഞ്ഞതാണ്. ബി.ജെ.പി.യുടെ സംസ്ഥാന പ്രസിഡന്റ് സി.കെ. പത്മനാഭൻ കൊല്ലത്തു നടത്തിയ പ്രസംഗങ്ങൾതന്നെ കോൺഗ്രസ്സിന്റെ നേതാക്കൻമാർ നല്ലവണ്ണം

LIBRARY ARCHIVES Kerala Legislative Assembly

വായിച്ചുനോക്കണം. കഴിഞ്ഞ കുറച്ചുകാലമായി നാഗ്പൂരിന്റെ അടുത്ത കേന്ദ്ര മായി ശിവഗിരിയെ മാറ്റാനുള്ള ശ്രമമാണ് നടക്കുന്നത്. ഇന്ന് കേന്ദ്രം ഭരി ക്കുന്ന ബി.ജെ.പി. ഭരണത്തിന്റെ ആസ്ഥാനമായ സംഘപരിവാറിന്റെ ഹെഡ് ക്വാർട്ടേഴ്സ് നാഗ്പൂരാണ്. അവിടെയാണ് ഭരണം നിയന്ത്രിക്കുന്നതും മാർഗ്ഗ നിർദ്ദേശം നൽകുന്നതും. അതുപോലെ ദക്ഷിണേന്ത്യയിലെ ഒരു കേന്ദ്രമായി ശിവഗിരിയെ മാറ്റാൻ ശ്രീ. രാജഗോപാലും ബി.ജെ.പി.യും, ആർ.എസ്.എസ്സും സംഘപരിവാറും നടത്തിയ പരിശ്രമങ്ങൾ എത്രയോ തവണ ഇവിടെ ചർച്ച ചെയ്യപ്പെട്ടതാണ്. ആ ശ്രമം തുടരുകയാണ്. ബി.ജെ.പി.യുടെ കേന്ദ്രനേ ക്കാൻമാർ, പ്രത്യേകിച്ച് ശ്രീ. രാജഗോപാലെന്ന കേന്ദ്രമന്ത്രി കേന്ദ്രമന്ത്രി കേര ളത്തിലെ ശ്രീനാരായണീയരിലും ആ പ്രസ്ഥാനത്തിലും കിട്ടുന്ന അവസര ങ്ങൾ ഉപയോഗപ്പെടുത്തുകയാണ്. അതിന്റെ അവസാനത്തെ കാര്യമാണ്. ഞാൻ പറഞ്ഞത്. പിന്നോക്കക്കാരിലൂടെ കടന്നുവരാനുള്ള ശ്രമം. ഭീഷണിപ്പെ ടുത്തുന്ന പ്രസ്താവനകളാണ് ശ്രീ. സി.കെ. പത്മനാഭന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. അതൊക്കെ നോക്കിയാലറിയാം ട്രെയിൻഡായ, വളരെ ആസൂത്രിതമായ ഒരു ശ്രമമാണ് അതിന്റെ പിന്നിലുള്ളതെന്ന്. അവരെ തുറന്നു കാണിക്കാൻ നമ്മൾ രണ്ടുകൂട്ടരുംകൂടി ശക്തമായ നിലപാട് എടുക്കുകയല്ലേ വേണ്ടത്. നിങ്ങൾ അപ്പുറത്തുനിന്ന് ഞങ്ങളെക്കുറിച്ച് പറഞ്ഞ്, ഞങ്ങൾ ഇപ്പു റത്ത് നിന്ന് നിങ്ങളെക്കുറിച്ച് പറഞ്ഞ്.... ഇതിന്റെ കാര്യമുണ്ടോ? കേരളത്തിലെ പിന്നോക്ക ജനവിഭാഗങ്ങളിൽ വളരെ ആസൂത്രിതമായി ഈ പരിശ്രമങ്ങൾ നട ത്തുന്നതിന്റെ പിന്നിലുള്ള ശക്തികളെ കണ്ടുപിടിക്കണ്ടേ? അതിന്റെ തുടർച്ച യല്ലേ ഈ സംഭവങ്ങളെല്ലാം? ഇവിടെ കൊല്ലത്തുനടന്ന സംഭവത്തെക്കുറിച്ച് ശ്രീ. വേണുഗോപാൽ ചോദിച്ചു. എ.ഐ.എസ്.എഫ്-ന്റെ വിദ്യാർത്ഥികൾക്കു നേരെ നടന്ന പോലീസിന്റെ ലാത്തിച്ചാർജ്ജിനും അനാവശ്യമായ രീതിയി ലുള്ള പോലീസിന്റെ കടന്നാക്രമണത്തിനുമെതിരെ ഞങ്ങൾ ശക്തമായി പ്രതി ഷേധിക്കുക മാത്രമല്ല, അതിശക്തമായി ആ പ്രശ്നത്തിൽ ഇടപെട്ടവരുമാണ്, എ.ഐ.എസ്.എഫും യുവജന ഫെഡറേഷനും, കമ്മ്യൂണിസ്റ്റു പാർട്ടിയും ശക്തമായി രംഗത്തുവന്നിരുന്നു. അതുകൊണ്ടുതന്നെയല്ലേ ആ സംഭവത്തിനെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ടത്. മാത്രമല്ല ഉത്തരവാ ദിയായ പോലീസ് ഓഫീസറെ സസ്പെന്റ് ചെയ്തില്ലേ. അതുകൊണ്ട് ഇതു സംബന്ധിച്ച് ഇനി പോലീസ് അന്വേഷണത്തിന്റെ ആവശ്യമില്ല. ജുഡീഷ്യൽ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി നടപടിയെടുക്കേണ്ടവരുടെ പേരിൽ നടപടിയെടുക്കണം. ആ സംഭവത്തിൽ പ്രതിഷേധിക്കേണ്ടിടത്ത് നിങ്ങൾ ശക്തിയായി പ്രതിഷേധിക്കണം. സമരരംഗത്ത് വരേണ്ട സ്ഥലത്ത് സമരരംഗത്ത് വരികയും ചെയ്യണം. അതുകൊണ്ട് ജുഡീഷ്യൽ അന്വേഷണം ശക്തമാക്കുകയും സമയബന്ധിതമായി നടപടി പൂർത്തീകരിക്കുകയും വേണം. മറ്റൊരു കാര്യം എ.ഐ.എസ്.എഫ്-ന്റെ പ്രവർത്തകർക്കു നേരെ നടന്ന ലാത്തിച്ചാർജ്ജ് ഉൾപ്പെടെയുള്ള സംഭവങ്ങളെ സംബന്ധിച്ച് ജുഡീ ഷ്യൽ അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസ് വന്നിട്ടുണ്ട്. ആ അന്വേഷ ണത്തിന്റെ നടപടി കൃത്യമായി പൂർത്തിയാക്കി നടപടി എടുക്കേണ്ടവരുടെ പേരിൽ നടപടിയെടുക്കണം. അത് ഈ ഗവൺമെന്റ് ചെയ്യും. മറ്റൊന്ന് സംഘ ടനാ സ്വാതന്ത്ര്യത്തെ കുറിച്ചാണ് പറയാനുള്ളത്. ഞങ്ങൾ പലതവണ മുമ്പും ഇവിടെ ആവർത്തിച്ചതാണ്. എ.ഐ.എസ്.എഫ്-ന്റെ പ്രമേയത്തിലും ആ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. കലാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങളായാലും രാഷ്ട്രീയപരമായ പ്രവർത്തന മായാലും ജനാധിപത്യപരമായി നടത്താനുള്ള സംവിധാനം ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

അതിന് തടസ്സമുണ്ടായാൽ.....നിർഭാഗ്യവശാൽ അതിന് ചില സ്ഥലങ്ങളിൽ തടസ്സങ്ങളുണ്ടാകുന്നു. അങ്ങനെ തടസ്സമുണ്ടായാൽ ആ വിദ്യാലയങ്ങളിൽ ഇതുപോലുള്ള ശക്തികൾക്ക് താവളമുണ്ടാക്കാൻ അവസരമുണ്ടാകും. അതാണ് എം.ജി. കോളേജിൽ ഉണ്ടായത്. നിങ്ങൾ കൈയടിക്കാൻ പറയുന്നതല്ല. എം.ജി. കോളേജിൽ 1978-ൽ എനിക്കും ഈ അനുഭവമുണ്ടായി. അന്ന് എ.ഐ.എസ്.എഫ്-ന്റെ സംസ്ഥാന സെക്രട്ടറി ആയിരുന്നു ഞാൻ. അവിടെ വിദ്യാർത്ഥി ഫെഡറേഷന്റെ യൂണിറ്റ് രൂപീകരിക്കാൻ പോയി. വളരെ പ്രയാസകരമായ അനുഭവമുണ്ടായി. ആ എം.ജി. കോളേജിൽ ഇന്ന് മറ്റൊരു വിദ്യാർത്ഥി സംഘടനയെയും പ്രവേശിക്കാൻ ആർ.എസ്.എസ്. അനുവദിക്കുന്നില്ല. അതിനെ നമ്മൾ തുറന്നുകാണിക്കണ്ടേ. അത് യൂണിവേഴ്സിറ്റി കോളേജിലായാലും ആർട്സ് കോളേജിലായാലും സംസ്കൃത കോളേജിലായാലും, ഏതു കോളേജിലായാലും വിദ്യാർത്ഥി സംഘടനകൾക്ക്, ജനാധിപത്യപരമായി പ്രവർത്തിക്കാൻ അവസരമുണ്ടാകണം. അക്കാര്യത്തിൽ ഞങ്ങൾക്കൊക്കെ വളരെ ശക്തമായ നിലപാടാണുള്ളത്. ആ നിലപാടിന് അനുസൃതമായി കേരളത്തിലെ വിദ്യാർത്ഥി സംഘടനകൾ ഉണർന്നു പ്രവർത്തിക്കണം. അതാണ് എ.ഐ.എസ്.എഫ്-ന്റെ പ്രമേയത്തിലൂടെ ഞങ്ങൾ തുറന്നു പറഞ്ഞത്. പക്ഷെ കൊല്ലത്ത് ഈ സംഭവങ്ങളുണ്ടായപ്പോൾ ഇതിന്റെ പിന്നിലുള്ള ഇത്തരം ആക്രമപ്രവർത്തനങ്ങൾ തുറന്നുകാണിക്കാനല്ല... അല്ലെങ്കിൽ നിഗൂഢമായ ശക്തികളെ... കൊല്ലത്തു നടന്ന മുഴുവൻ ആക്രമണങ്ങളും അതല്ലേ. പൊതുമുതലിനുനേരെ... ദിവസങ്ങളോളം അവിടെ നടത്തിയതെന്താണ്? ഇത്തരം സംഭവങ്ങളിലൂടെയാണോ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത്? മറിച്ച് ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ കോൺഗ്രസ്സായാലും, എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ് ആയാലും കേരളത്തിലെ ശ്രീനാരായണീയരുടെ വികാരം, അവരുടെ വേദന, ശ്രീനാരായണീയരുടെ മാത്രമല്ല കേരളത്തിൽ മതസൗഹാർദ്ദം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന ജനങ്ങളുടെ വികാരം, അവരുടെ ദുഃഖം, അവരുടെ ആശങ്ക, അതിനനുസരിച്ച് ഉണർന്നു പ്രവർത്തിക്കണം. അതുകൊണ്ട് ഇത്തരം ശക്തികൾക്കെതിരെ നടപടിയെടുക്കാൻ പോലീസിന്റെ ഭാഗത്തുനിന്നും, ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടികൾ ഉണ്ടാകണം. ശ്രീനാരായണ പ്രതിമകൾക്കും മറ്റു സ്ഥാപനങ്ങൾക്കും നേരെയുള്ള അക്രമത്തെ എന്തുവിലകൊടുത്തും നേരിടാനും, അവ സംരക്ഷിക്കാനുമുള്ള നടപടി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

<u>ശ്രീ. സി.എഫ്. തോമസ്</u> : സർ, ഇപ്പുറത്ത് നോക്കിക്കൊണ്ട് ഞങ്ങളെ പറയേണ്ട കാര്യമില്ല. ഈ പ്രമേയത്തിൽ എന്താണ് ആവശ്യപ്പെട്ടിരിക്കുന്നത്. ശ്രീനാരായണഗുരുദേവന്റെ പ്രതിമകൾ തകർത്ത സംഭവത്തിന് ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്യുന്നതിന് ഈ ഗവൺമെന്റ് കാണിച്ച അനാസ്ഥ ഉൾപ്പെടെയുള്ള കാര്യങ്ങൾ സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നതാണ്. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ എന്തുപറയുന്നു?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> : അന്വേഷിക്കണം.

<u>ശ്രീ. സി.എഫ്. തോമസ്</u> : അന്വേഷിക്കണമല്ലേ; ഭേദഗതിയിൽ ഇങ്ങനെ കൊടുത്താൽ മതിയോ; പത്രങ്ങളിൽ കാട്ടു ചെയ്തു എന്നു പറയുമ്പോൾ അന്വേഷിക്കണം. എന്ത് അന്വേഷണമാണ് വേണ്ടതെന്ന് പറയണമായിരുന്നു. ഇവിടെ നടക്കുന്ന അന്വേഷണം എന്താണ്; പറഞ്ഞിരിക്കുന്ന അന്വേഷണം എന്താണ്; റിട്ടയേർഡ് ജഡ്ജിയെക്കൊണ്ടുള്ള അന്വേഷണം ഏതു

LIBRARY ARCHIVES Kerala Legislative Assembly

സംഭവത്തിലാണ്? അതുകൊണ്ട് ആത്മാർത്ഥത ഉണ്ടെങ്കിൽ ഈ വിഷയത്തിൽ, ഈ പ്രമേയത്തോട് യോജിച്ചുകൊണ്ട് സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് സി.പി.ഐ(എം.)-ന്റെ ആളുകൾ ആവശ്യപ്പെടുമോ? അതു പറയണം. മറുപടി പറയുമ്പോൾ അതു പറയണം. ഞങ്ങളോട് എന്തിനാണ് പറയുന്നത്; ഇന്നലത്തെ മലയാള മനോരമ പത്രത്തിൽ റിപ്പോർട്ട് വന്നിരുന്നു, കോഴഞ്ചേരിയിൽ ഒരു സ്കൂളിന്റെ ഗോൾഡൻ ജൂബിലി സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ട് എസ്.എൻ.ഡി.പി.യുടെ ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശൻ ഒരു പ്രസ്താവന നടത്തിയിട്ടുണ്ട്. ശ്രീ. കെ.സി. വേണുഗോപാൽ സമരം നടത്തുമെന്ന് പറഞ്ഞതുകൊണ്ട് നിങ്ങൾ കളിയാക്കി. ഞങ്ങൾ പറഞ്ഞല്ലോ; ശ്രീ. വെള്ളാപ്പള്ളി നടേശന്റെ പ്രസ്താവന 'രണ്ടാം വിമോചന സമരം ആവശ്യമായി വരുന്നു' നിങ്ങൾക്കെതിരെ രണ്ടാം വിമോചന സമരം ആവശ്യമായി വരുന്നു എന്ന് കോൺഗ്രസ്സോ, കേരളാ കോൺഗ്രസ്സോ, ലീഗോ അല്ല പറഞ്ഞത് എസ്.എൻ.ഡി.പി. യോഗത്തിന്റെ ജനറൽ സെക്രട്ടറി ഇന്നലെ നടത്തിയിരിക്കുന്ന പ്രസ്താവനയെ കുറിച്ച് നിങ്ങളുടെ പ്രതികരണം പറയണം. വെറുതെ പറഞ്ഞാൽ പോരാ. മറുപടി വേണം. ഇവിടെ 18 ശ്രീനാരായണ ഗുരുദേവ പ്രതിമകളാണ് തകർത്തത്. ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ രണ്ട് കേസ് പറഞ്ഞു. 16 കേസുകളിൽ പ്രതികളെ പിടികൂടാനുണ്ട്.

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : കുരിശ്ശടിയുടെ കാര്യമോ?

ശ്രീ. സി.എഫ്. തോമസ് : സി.പി.ഐ(എം)-ന്റെ കുരിശ്ശടി പ്രേമം എവിടെവരെ എത്തി? ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറയട്ടെ, സി.പി.ഐ.(എം) കേരളത്തിൽ സ്വീകരിക്കുന്ന ഇപ്പോഴത്തെ നയമാണ് ബി. ജെ.പി.യെ വളർത്തിക്കൊണ്ടിരിക്കുന്നത്. സി.പി.ഐ(എം)-ന്റെ ഫാസിസ്റ്റ് നയം, ഇപ്പോഴത്തെ അക്രമനയം അടിച്ചമർത്തൽ നയം അതിൽനിന്നും രക്ഷയ്ക്കുവേണ്ടി ആളുകൾ പലസ്ഥലത്തും പോകുന്നു. ബി.ജെ.പി.യിലേക്ക് പോകുന്നു. നിങ്ങൾ ആലോചിക്കണം, നിങ്ങളുടെ സ്റ്റേറ്റ് കമ്മിറ്റിയിൽ ശ്രീ. പിണറായി വിജയൻ കണ്ണൂരിൽ ഇനി ഞങ്ങൾ തിരിച്ചടിക്കില്ല എന്ന് പറഞ്ഞല്ലോ; എപ്പോഴാണ് പറഞ്ഞത്? നിങ്ങളുടെ ഇപ്പോഴത്തെ നയം തിരുത്തിക്കൊണ്ട് പോയില്ലെങ്കിൽ ബി.ജെ.പി.യുടെ വളർച്ചക്ക് കേരളത്തിൽ വളംവച്ച് കൊടുക്കുന്നത് സി.പി.ഐ.(എം) ആയിരിക്കും എന്നത് നിങ്ങളുടെ ചെവിയിൽ നുള്ളിക്കൊള്ളൂ എന്നു മാത്രമേ എനിക്ക് പറയുവാനുള്ളൂ.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ആന്റണി രാജു : സർ, മകൻ മരിച്ചാലും മരുമകളുടെ താലി അറ്റു കണ്ടാൽ മതി എന്നൊരു ചൊല്ലുണ്ട്. ഗുരുദേവ പ്രതിമകൾ തകർക്കുന്നതു പോലുള്ള സംഭവങ്ങളിൽ കോൺഗ്രസ്സിന്റെ നിലപാട് കാണുമ്പോൾ അങ്ങനെയാണ് തോന്നുന്നത്. ഏത് സംഭവം എവിടെ നടന്നാലും അതിനെയെല്ലാം രാഷ്ട്രീയത്തിമിരം ബാധിച്ച കണ്ണുകൾക്കൊണ്ട് മാത്രം കാണാൻ ശ്രമിക്കുന്ന കോൺഗ്രസ്സുകാർ ആത്മപരിശോധന നടത്തണം. നിങ്ങളുടെ ഈ പോക്ക് ശരിയാണോ? എസ്.എൻ.കോളേജ് സമരം തീർത്തതിലുള്ള അസഹിഷ്ണുതയിൽ നിന്നും തിളച്ചുപൊങ്ങിയ രോഷപ്രകടനം മാത്രമല്ലേ യഥാർത്ഥത്തിലുള്ളത്? ആർക്കാണ് അസഹിഷ്ണുത? കോൺഗ്രസ്സുകാർക്ക് ആണോ, ബി.ജെ.പി.ക്കാർക്കാണോ; എൽ.ഡി.എഫ്.കാർക്കാണോ? അതിൽനിന്നുംതന്നെ പ്രതികളുടെ കൂടാരം ഏതാണെന്ന് വെളിവായില്ലേ; പ്രതികളെ പിടിച്ചില്ല എന്ന് മുതലക്കണ്ണീർ ഒഴുക്കുന്ന നിങ്ങൾ പ്രതികളെ പിടിച്ചപ്പോൾ പ്രതികളുടെ സംരക്ഷ

LIBRARY ARCHIVES Kerala Legislative Assembly

കരാകാൻ ശ്രമിച്ചത് എന്തിന്? ഹർത്താൽ നടത്തി കേരളത്തുലുടനീളം അക്രമങ്ങൾ അഴിച്ചുവിട്ടത് എന്തിന്? ഹർത്താലിനെതിരെ ഉപവാസം നടത്തിയ പ്രതിപക്ഷ നേതാവിന് അത് തെറ്റായിപ്പോയി എന്ന കുറ്റസമ്മതം നടത്താൻ ഇപ്പോൾ ഈ പ്രതിമ തകർക്കൽ സംഭവം വേണ്ടിവന്നു. ഗുരുദേവ പ്രതിമകൾ തകർത്ത കറുത്ത കരങ്ങളെ കണ്ടെത്താൻ പ്രത്യേക സ്കാഡിനെ നിയോഗിച്ചപ്പോൾ അതിനെതതിരെ ഹർത്താൽ നടത്തിയതിന്റെ പിന്നിലുള്ള ലക്ഷ്യം എന്തായിരുന്നു? കേരളത്തിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ രാഷ്ട്രീയത്തിനതീതമായി കണ്ടു കൂട്ടായി നേരിടുന്നതിനു പകരം അതിനെ ആളിക്കത്തിക്കുവാൻ അല്ലേ കോൺഗ്രസ് പാർട്ടി ശ്രമിച്ചത്? വൈക്കത്ത് ടി.വി.പുരം സംഭവം ഉണ്ടായപ്പോൾ, നിർമ്മലഗിരി പ്രശ്നം ഉണ്ടായപ്പോൾ, എസ്.ബി. കോളേജ് പ്രശ്നം ഉണ്ടായപ്പോൾ എല്ലാം നിങ്ങളുടെ സമീപനം ഇതുതന്നെയായിരുന്നു. ഇതിൽനിന്നെല്ലാം രാഷ്ട്രീയ മുതലെടുപ്പ് നടത്തുക എന്നുള്ളതാണ്. ഇൻഡ്യയിലുടനീളം കാലാകാലങ്ങളിൽ നിങ്ങൾ സ്വീകരിച്ച ഇത്തരം നിലപാടാണ് ഇൻഡ്യയിൽ ഭിന്ദ്രൻവാലമാരെ സൃഷ്ടിച്ചതും വർഗ്ഗീയ ശക്തികളെ വളർത്തിയതും എന്നാണ് മനസ്സിലാകുന്നത്. ഇൻഡ്യയിൽ ഈ സമീപനം സ്വീകരിച്ച കോൺഗ്രസ് തകർന്നടിഞ്ഞുകൊണ്ടിരിക്കുകയാണ്. കോൺഗ്രസ്സ് ഭരിച്ചപ്പോൾ ഇത്തരം സംഭവങ്ങളുണ്ടായപ്പോൾ എൽ.ഡി.എഫ്. സ്വീകരിച്ച നിലപാട് എന്തായിരുന്നു? പൂന്തുറ കലാപം ഉണ്ടായപ്പോൾ, വിഴിഞ്ഞം കലാപം ഉണ്ടായപ്പോൾ, ചാലക്കമ്പോളം കത്തി എരിഞ്ഞപ്പോൾ, മന്ത്രിമാർക്ക് കേരളത്തിൽ പുറത്തിറങ്ങുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായപ്പോൾ എൽ.ഡി.എഫ്. ബന്ദും ഹർത്താലും അല്ല നടത്തിയത്. എൽ.ഡി.എഫ്. തീപ്പൊരി അണയ്ക്കുവാൻ വെള്ളം ഒഴിക്കുകയാണ് അപ്പോഴെല്ലാം ചെയ്തത്. പക്ഷെ നിങ്ങൾ തീപ്പൊരി ആളിക്കത്തിക്കുവാനാണ് ശ്രമിച്ചത്. ജാതിമത ഭ്രാന്തൻമാരുടെ കൂടാരത്തിലേയ്ക്ക് കേരളത്തെ വലിച്ചിഴച്ചുകൊണ്ടു പോകാനുള്ള വർഗ്ഗീയ ശക്തികളുടെ ഗൂഢശ്രമങ്ങൾക്ക് ചൂട്ടു പിടിക്കുന്ന സമീപനം ഇനിയെങ്കിലും അവസാനിപ്പിക്കണം. കോൺഗ്രസ്സ് ഭരിക്കുന്ന മദ്ധ്യപ്രദേശിൽ കന്യാസ്ത്രീമാരെ ബലാൽസംഗം ചെയ്തപ്പോൾ നിങ്ങൾ സിറ്റിംഗ് ജഡ്ജിമാരെക്കൊണ്ട് അന്വേഷിപ്പിച്ചോ; ഒറീസ്സയിൽ ഫാദർ സ്റ്റെയിൻസിനെയും രണ്ടു മക്കളെയും ചുട്ടുകൊന്നപ്പോൾ നിങ്ങൾ ജുഡീഷ്യൽ അന്വേഷണം നടത്തിയോ? ഇത്തരം സമീപനങ്ങൾ നിങ്ങളെ ജനങ്ങൾ ഒറ്റപ്പെടുത്തുന്നു എന്നുള്ളതിന്റെ തെളിവാണ്. ഈ നിയമസഭാ മന്ദിരത്തിന്റെ പുറകിൽ, കുന്നുകുഴിയിൽ കഴിഞ്ഞ ആഴ്ച നടന്ന തെരഞ്ഞെടുപ്പിൽ നാരായണീയർ കൂടുതലുള്ള വാർഡിൽ എൽ.ഡി.എഫ്. ജയിച്ചു. കോൺഗ്രസ് നേരത്തെ ജയിച്ചിരുന്ന വാർഡിൽ, പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾ ഭൂരിപക്ഷം നേടിയിരുന്ന വാർഡിൽ എന്റെ മണ്ഡലത്തിൽ കുന്നുകുഴി വാർഡിൽ കോൺഗ്രസ്സ് തകർന്നടിഞ്ഞു. ശ്രീനാരായണീയർ ആരുടെകൂടെ നിൽക്കുന്നു എന്ന് ഇന്നലെയും തെളിയിക്കപ്പെട്ടു. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, സി.പി.ഐ(എം)-ന്റെ ഓഫീസിൽ നിന്ന് എഴുതിക്കൊടുത്തുവിട്ട ഒരു ലേഖനം വായിക്കേണ്ടിവന്ന ഗതികേട് ശ്രീ. ആന്റണിരാജുവിന് ഉണ്ടായല്ലോ എന്ന് ഓർത്ത് ഞാൻ സഹതപിക്കുകയാണ്. വേശ്യയുടെ ചാരിത്ര്യപ്രസംഗംപോലെയാണ് ശ്രീ. ആന്റണിരാജുവിന്റെ ഇവിടത്തെ പ്രസംഗം. ഞാൻ ഇതിനകത്ത് മറ്റൊന്നും പറയുവാൻ ആഗ്രഹിക്കുന്നില്ല. ഫെബ്രുവരി മാസം 1-ാം തീയതി മുതൽ നമ്മുടെ സംസ്ഥാനത്ത് 18 ഗുരുദേവ പ്രതിമകൾ തകർക്കപ്പെട്ടു. 18 പ്രതിമകൾ തകർത്തിട്ട് എന്താണ് പറ

LIBRARY ARCHIVES Kerala Legislative Assembly

ഞത്? അപ്പുറത്തുനിന്നും ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ ആവേശത്തോടു കൂടി പറയുന്നു രണ്ട് പ്രതിമ തകർത്ത ആളുകളെ പിടിച്ചു എന്ന്.

<u>ശ്രീ. ജി. സുധാകരൻ</u> : പോയിന്റ് ഓഫ് ഓർഡർ...

<u>മി. സ്പീക്കർ</u> : സമയമില്ലാത്ത അവസ്ഥയാണെന്ന് ഞാൻ വീണ്ടും ഓർമ്മിപ്പിക്കുകയാണ്. ഇങ്ങനെ ആയാൽ പ്രമേയം പൂർണ്ണമാവില്ല. സമയം കുറവാണ്.

<u>ശ്രീ. ജി. സുധാകരൻ</u> : കേരളത്തിലെ പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ പാർട്ടിയും ഭരണകക്ഷിയിലെ ഒരു ഘടകകക്ഷിയുമായി കേരളാ കോൺഗ്രസ്സിന്റെ നേതാവ് ശ്രീ. ആന്റണിരാജു നടത്തിയ പ്രസംഗം, മറ്റൊരു പാർട്ടിയുടെ ഓഫീസിൽനിന്നും എഴുതികൊടുത്തതാണെന്നുള്ള ആ പരാമർശം രേഖയിൽ കാണാൻ പാടില്ല. അതു രേഖയിൽനിന്നും നീക്കം ചെയ്യണം. അതു ദുഃസൂചനയാണ്.

<u>ശ്രീ. ജോണി നെല്ലൂർ</u> : ഞാൻ അതിനു മറുപടി പറയുന്നില്ല. പക്ഷെ ഞങ്ങൾ എല്ലാപേരും കണ്ടു ശ്രീ. ആന്റണി രാജു എഴുതി കൊണ്ടുവന്ന ഒരു പ്രസ്താവന വായിക്കുകയായിരുന്നു. ഞാൻ അതു വിടുന്നു. ഫെബ്രുവരി മാസം 1-ാം തീയതി മുതൽ 18 ഗുരുദേവ പ്രതിമകൾ തകർത്തിട്ട് അപ്പുറത്തു നിന്നും ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ പറയുന്നു കൊല്ലത്ത് ഒരു രാജനെ പിടിച്ചു, ബാലരാമപുരത്ത് നാലുപേരെ പിടിച്ചു. ബാക്കി 16 പ്രതിമകൾ തകർത്തതിൽ ആരെ പിടിച്ചു? ആരാണ് പ്രതികളെ പിടിക്കുവാൻ ഉത്തരവാദികൾ? പിടിക്കേണ്ടവരുടെ ലിസ്റ്റ് നിങ്ങൾ കൊടുക്കുന്നതിൽനിന്നും ആളുകളെ പിടിക്കും. യഥാർത്ഥ കുറ്റവാളികളെ പിടികൂടുവാൻ നിങ്ങൾ തയ്യാറാണോ? ഇവിടെ ശ്രീ. തമ്പാനൂർ രവി ആവശ്യപ്പെടുന്നത് മറ്റൊന്നുമല്ല ഇവിടെ അങ്ങേയറ്റം ആക്ഷേപത്തിന് വിധേയനായിട്ടുള്ള, മുൻ അനുഭവങ്ങളും മുൻതെളിവെടുപ്പുകളും വച്ചുകൊണ്ട് അങ്ങേയറ്റം ആക്ഷേപത്തിനു വിധേയനായിട്ടുള്ള ഒരു റിട്ടയേർഡ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നു എന്ന ആക്ഷേപം ഉയർന്നിരിക്കുന്നു. ഈ സംഗതികളെക്കുറിച്ച് അന്വേഷിക്കുവാൻ നിങ്ങൾക്ക് ആത്മാർത്ഥത ഉണ്ടെങ്കിൽ നിങ്ങൾ ചെയ്യേണ്ടത് ഒരു സിറ്റിംഗ് ജഡ്ജിയെവച്ച് അന്വേഷിപ്പിക്കണം എന്നാണ്. ആരാണ് കുറ്റവാളികൾ എന്ന് കണ്ടുപിടിക്കണ്ടേ? എന്തിനാണ് നിങ്ങൾ അതിനു തടസ്സം നിൽക്കുന്നത്? ഇപ്പോൾ ഇവർ തടസ്സം നിൽക്കുന്നതെന്തിനാണെന്ന് വ്യക്തമാണ്. ഇവർ പറയുന്നത് പോലെ എഴുതി കൊടുക്കുന്ന ഒരു ആളെ നിയോഗിക്കണം. അതല്ലേ? ഇവിടെ ശ്രീ. കെ.പി. രാജേന്ദ്രൻ വളരെ ആവേശത്തോടെ പറഞ്ഞല്ലോ, എന്തിനാണ് നിങ്ങൾ ശ്രീ. കെ.പി. നാരായണൻ നായരെ അന്വേഷണ കമ്മീഷനായി വച്ചത്. മുഖ്യമന്ത്രി പറയണം. ഞങ്ങൾ ഈ നിയമസഭയിൽ ഒരു ചോദ്യം ചോദിച്ചു. ഞങ്ങൾ ചോദ്യം ചോദിച്ചത്, '2000 ജനുവരി മാസം 1-ാം തീയതിക്കുശേഷം ഫെബ്രുവരി മാസം 8-ാം തീയതിവരെ ഈ സംസ്ഥാനത്ത് എത്ര പോലീസ് ലാത്തിച്ചാർജ്ജ് ഉണ്ടായി? ഉത്തരം പറഞ്ഞു, 'ഫെബ്രുവരി മാസം 7-ാം തീയതി കൊല്ലത്ത് യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർക്കുനേരെ ഉണ്ടായ ഒരു ലാത്തിച്ചാർജ്, അതിനുശേഷം ഒരു അന്വേഷണം. കൊല്ലത്ത് എ. ഐ.എസ്.എഫ്.ന്റെ നേരെ നടന്ന ആക്രമണത്തെ അന്വേഷിക്കുവാൻവേണ്ടി നാരായണൻനായരെ വച്ചിരിക്കുന്നു. സി.പി.ഐ.ക്കാർ ആലോചിക്കണം. ഈ നിയമസഭയിൽ രേഖാമൂലം നൽകിയ ഉത്തരത്തിൽപ്പോലും നിങ്ങളുടെ പ്രവർത്തകർക്ക് അടിയേറ്റ കാര്യം; ലാത്തിച്ചാർജ് നടത്തിയ കാര്യംപോലും സമ്മതിക്കുവാൻ തയ്യാറാകാത്ത മുഖ്യമന്ത്രി, അതിനെക്കുറിച്ച് അന്വേഷിക്കു

LIBRARY ARCHIVES Kerala Legislative Assembly

വാനാണ് റിട്ടയേർഡ് ജഡ്ജി നാരായണൻനായരെ വച്ചിരിക്കുന്നത്. ഈ സംസ്ഥാനത്തെ ജനങ്ങളെ മുഴുവൻ വേദനിപ്പിക്കുന്ന സംസ്ഥാനത്ത് മാത്രമല്ല് ഈ രാജ്യത്തെ ആളുകളെ മുഴുവനും വേദനിപ്പിച്ചിരിക്കുന്ന രീതിയിൽ ഗുരു ദേവ പ്രതിമ ഒന്നൊന്നായി തകർക്കുമ്പോൾ ഒരു കുറ്റവാളിയെപോലും പിടി ക്കുവാൻ യാതൊന്നും ചെയ്യാത്ത പോലീസ്, ആ പോലീസിനെ ഭരിക്കുന്ന മുഖ്യമന്ത്രി ഈ സംസ്ഥാനത്തോട് മാപ്പ് പറയണമെന്നാണ് എനിക്ക് പറയുവാ നുള്ളത്. ഏതാണ്ട് 29-30 ദിവസങ്ങൾ പിന്നിട്ടിട്ടും ഒറ്റ പ്രതിയെപ്പോലും പിടി കൂടാനായിട്ടില്ല. അതുകൊണ്ട് ഇവിടെ ശ്രീ. തമ്പാനൂർ രവി ആവശ്യപ്പെട്ടതു പോലെ ഇതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ ഒരു സിറ്റിംഗ് ജഡ്ജി യെവച്ച് വസ്തുനിഷ്ഠമായ ഒരു അന്വേഷണം നടത്തണം. പ്രമേയത്തെ ശക്തിയായി ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, തികച്ചും വ്യത്യസ്തമായ രണ്ടു പ്രശ്നങ്ങളാണ് ഈ പ്രമേയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഒന്ന്, കേരള ത്തിന്റെ സാംസ്ക്കാരിക പൈതൃകവുമായി ബന്ധപ്പെട്ട പ്രശ്നം, രണ്ടാമ ത്തേത് ഭരണ-പ്രതിപക്ഷ സംഘർഷവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. ഈ രണ്ട് പ്രശ്നങ്ങളും ഒരേ സ്വഭാവത്തിൽ കാണുന്നതും വിലയിരുത്തുന്നതും ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ രാഷ്ട്രീയപാർട്ടികളിൽ ക്രിമി നൽവൽക്കരണം നടന്നുകൊണ്ടിരിക്കുന്ന ഒരു കാലയളവാണിത്. എല്ലാ പാർട്ടികളും ഇതിനു വിധേയമായിരിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. എല്ലാ നിലയിലുള്ള അക്രമങ്ങളും അപലപിക്കപ്പെടേണ്ടതു തന്നെയാണ്. കോൺഗ്രസ്സ് പ്രവർത്തകർക്കെതിരേ പോലീസ് നടത്തിയിട്ടുള്ള അക്രമങ്ങൾ അപലപിക്കപ്പെടേണ്ടതാണ്. അതിനെതിരെ നടപടി ഉണ്ടാകേണ്ടതുമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു കാര്യം ആലോചിക്കേണ്ടതുണ്ട്. അടുത്ത നാളുകളിൽ കോൺഗ്രസ്സിന്റെ സമരമുഖത്തു നിന്നുണ്ടായിട്ടുള്ള അക്രമം കണക്കിലെടുത്താൽ അക്രമരാഹിത്യത്തിൽ വിശ്വസിക്കുന്നത് കോൺഗ്രസ്സിന് യോജിച്ചതാണോ, ഭൂക്ഷണമാണോ എന്നുള്ളതു ഗൗരവമായ ഒരു കാര്യമാണ്. നമ്മുടെ ദൃശ്യമാധ്യമങ്ങളിലൂടെ നാം എല്ലാം കാണുകയാണ്. ആ അക്രമങ്ങൾ ഉൾപ്പെടെ അപലപിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേ താവ് തയ്യാറാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. ശ്രീനാരായ ണഗുരു പ്രതിമകൾ തകർക്കപ്പെടുന്നത്, അത് ആരുടെ ഭാഗത്തുനിന്നാണെ ങ്കിലും അപലപിക്കേണ്ടതുതന്നെയാണ്. കേരളത്തിന്റെ മഹത്തായ സാംസ്ക്കാരിക പൈതൃകം, ഈ സംസ്ഥാനത്തെ ഈ നിലയിൽ രൂപപ്പെടു ത്തുന്നതിൽ ശ്രീനാരായണഗുരു വഹിച്ചിട്ടുള്ള പങ്ക് വലുതാണ്. അതുൾക്കൊ ള്ളുന്നവരാണ് നമ്മളെല്ലാം. ശ്രീനാരായണ ഗുരുവിനെതിരായിട്ടുള്ള അക്ര മങ്ങൾ, അതു ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എല്ലാ പാർട്ടികളും അപ ലപിക്കുന്നതുതന്നെയാണ്. ഒരു പാർട്ടികളും അക്രമങ്ങളെ ന്യായീകരിച്ചിട്ടില്ല. അതിനുത്തരവാദികൾ ആരാണെങ്കിലും അവർ പിടിക്കപ്പെടണമെന്നാണ് എന്റെ അഭിപ്രായം. അതിനാവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾ എല്ലാ ഭാഗത്തു നിന്നും ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ശ്രീനാരായണീയരുടെ ദുഃഖത്തിൽ പങ്കുചേരാൻ സഭയ്ക്ക് ബാധ്യതയുണ്ട്. അതിനു തയ്യാറാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, ഈ പ്രമേയത്തിൻമേലുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്. പ്രമേയത്തെ ആർക്കും അംഗീകരിക്കാൻ കഴി യുകയില്ല; എന്തുകൊണ്ടെന്നാൽ അതിലെ ഉള്ളുകള്ളി ഇതിനകം കുപ്രസിദ്ധ

LIBRARY ARCHIVES Kerala Legislative Assembly

മാണ്. 'അങ്ങാടിയിൽ തോറ്റതിന് അമ്മയുടെ നെഞ്ചത്തേയ്ക്ക് ചാടിക്കയറുന്ന പ്രതിപക്ഷനയം നമ്മുടെ സമൂഹത്തിൽ വളരെ കുഴപ്പം സൃഷ്ടിക്കും. അതു നിർത്തണം. വിവേചനബുദ്ധിയോടുകൂടി അതു നിർത്തണം. 'ആടറിയുമോ അങ്ങാടി വാണിഭം'. ഇവിടെ നടക്കുന്ന സംഭവങ്ങളെന്താണ്? നമ്മുടെ കൺമുന്നിൽ തന്നെ സംഭവങ്ങളുണ്ട്. വിഴിഞ്ഞം, പൂന്തുറ, ചാല സംഭവങ്ങളിൽ എന്തു നിലപാടാണ് അന്നു പ്രതിപക്ഷം എടുത്തത്? ഒരു കലാപമുണ്ടാകുമ്പോൾ, കുഴപ്പങ്ങളുണ്ടാകുമ്പോൾ ഓടിയെത്തി അതു ആളിപ്പടരാതെ സൂക്ഷിക്കുന്ന അടിയന്തിര നടപടികളിൽ സഹകരിക്കുക എന്ന നിലപാടല്ലേ അന്നത്തെ പ്രതിപക്ഷം സ്വീകരിച്ചത്? അന്നു ഞാനും പ്രതിപക്ഷത്തുണ്ടായിരുന്ന ആളാണ്. ഞാൻ ആ സംഭവങ്ങളിലേക്ക് കടക്കുന്നില്ല. 'പുര കത്തുമ്പോൾ വാഴ വെട്ടുന്ന' രീതിയിലുള്ള നിങ്ങളുടെ നയം ഇനിയെങ്കിലും അവസാനിപ്പിക്കണം. ലോകാരാധ്യനായിട്ടുള്ള ശ്രീനാരായണഗുരുവിന്റെ ധർമ്മങ്ങളും ചിന്തകളും കാറൽമാർക്സിന്റെ സ്നേഹോദാരമായ ചിന്തകളുമൊക്കെ സമന്വയിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാൻ പരിശ്രമിക്കുന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ഒരു ഗവൺമെന്റിനെതിരായി ഇത്തരത്തിലുള്ള നടപടികൾ ശരിയല്ല എന്ന് കേരളത്തിലുള്ള ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. അങ്ങനെ മനസ്സിലാക്കിയതിന്റെ ഓരോ ഉദാഹരണങ്ങളും ഈ ഗവൺമെന്റിന് അനുകൂലമായി നാം കണ്ടുകൊണ്ടിരിക്കുകയാണ്. അതാണ് ശ്രീ. ആന്റണി രാജു നേരത്തേ ചൂണ്ടിക്കാണിച്ചത്. തെരഞ്ഞെടുപ്പിനെ ലക്ഷ്യം വച്ചാണല്ലോ ഈ കോലാഹലങ്ങൾ നടത്തുന്നത്? കാര്യം നേടാൻ എന്തുമാകാമെന്ന നയം ശരിയല്ലെന്നുള്ള കാര്യം ഞാൻ ശക്തിയായി ഓർമ്മിപ്പിക്കുകയാണ്. ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ നമുക്ക് നമ്മുടെ ധർമ്മമുണ്ട്, നമ്മുടെ കടമയുണ്ട്, നമ്മുടെ ധാർമ്മികനിലവാരമുണ്ട്. അതിൽ നിന്നു വ്യതിചലിക്കാതെ മുന്നോട്ടു പോകണം. അല്ലാതെ കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കാൻ ശ്രമിച്ചാൽ ആ കലങ്ങിയ വെള്ളത്തിലെ ഒഴുക്കിൽപ്പെട്ട് അവർ ഒലിച്ചുപോകുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഞാൻ ഈ ഭേദഗതിയെ പിന്താങ്ങുകയാണ്. മറ്റു പ്രമേയത്തെ എതിർക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇപ്പോൾ സമയം 12.25 ആയി. ഇനി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കാനുണ്ട്. അതിനു ഞങ്ങളാരും എതിരല്ല. ശ്രീ. കെ.പി. രാജേന്ദ്രന്റെ പ്രമേയം വളരെ പ്രധാനപ്പെട്ടതാണ്. ആ പ്രമേയം മെൻഷൻ ചെയ്തു സഭ ഐകകണ്ഠ്യേന അംഗീകരിക്കാനുള്ള ഒരു അവസരമുണ്ടാകണം. വളരെ പ്രധാനപ്പെട്ടതാണ്. കേന്ദ്ര ഗവൺമെന്റ് റേഷനിംഗ് സമ്പ്രദായം തകർക്കുകയാണ്. അതിനെക്കുറിച്ചുള്ള പ്രമേയമാണത്. അങ്ങ് ആ പ്രമേയം ഏതെങ്കിലും രൂപത്തിലെടുക്കണം. അത് മെൻഷൻ ചെയ്ത് യൂനാനിമസ്സായി അംഗീകരിച്ചതായി കണക്കാക്കണം.

മി. സ്പീക്കർ : ഇതാണ് ചുരുക്കി പ്രസംഗിക്കാൻ പറയുന്നത്. ഞാനും ഡെപ്യൂട്ടി സ്പീക്കറും എന്തു ബുദ്ധിമുട്ടനുഭവിച്ചു. അതാണ് നേരത്തെ ഞാൻ പറയുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : അതു കറക്റ്റാണ്. ഇവിടെ ഇത്ര ബഹളം കൂട്ടേണ്ട ആവശ്യമുണ്ടായിരുന്നോ?

സ്പീക്കർ സർ, കൊല്ലം എസ്.എൻ. കോളേജ് സംഭവത്തോടനുബന്ധിച്ച് 7.2.2000-ത്തിൽ നടത്തിയ കൊല്ലം എസ്.പി.ഓഫീസ് മാർച്ച് അക്രമാസക്തമാകുകയും തുടർന്നുണ്ടായ ലാത്തിച്ചാർജ്ജിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണത്തിനു സർക്കാർ തീരുമാനിക്കുകയും ഒരു കമ്മിഷനെ നിയമിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയും ചെയ്തിട്ടുണ്ട്. ജുഡീഷ്യലിനെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടാകും. കാരണം, നിങ്ങൾ കമ്മിഷനെ വച്ച കാലത്ത് ഞങ്ങൾ സ്വീകരിച്ചില്ല. എ.കെ. ജി. മന്ദിരത്തിനു നേരെ ഏഴു വെടി വച്ച സമയത്ത് നിങ്ങൾ ഒരു കമ്മിഷനെ വച്ചു. ഞങ്ങൾ സ്വീകരിച്ചില്ല. ഇതു നിങ്ങളും സ്വീകരിച്ചിട്ടില്ല. ഇന്ന് നാരായണൻനായരെ പറഞ്ഞപ്പോൾ അന്ന് കുമാരൻ നായരെയും പറഞ്ഞു. അത്രയേ വ്യത്യാസമുള്ളൂ. നിങ്ങൾ സ്വീകരിച്ചതുകൊണ്ട് ഒന്നും വയ്ക്കാൻ കഴിയുകയില്ല. സിറ്റിംഗ് പോകട്ടെ, ഒരു കത്തുപോലും അയയ്ക്കാൻ സുപ്രീംകോടതി ജഡ്ജി സമ്മതിക്കുകയില്ല. ശ്രീമതി നളിനി നെറ്റോയുടെ കാര്യത്തിൽ വളരെ സാഹസപ്പെട്ടാണ് ഒരു സിറ്റിംഗ് ജഡ്ജിയെ കിട്ടിയത്. ഒരാളെയും നിങ്ങൾക്കു കിട്ടാൻ പോകുന്നില്ല. ഞാൻ അയച്ചാലും കിട്ടുകയില്ല, നിങ്ങളയച്ചാൽ നിങ്ങൾക്കും കിട്ടുകയില്ല. അതിനെപ്പറ്റി നിങ്ങൾക്ക് വിവരമില്ലാത്തതിന് ഞാൻ എന്തു ചെയ്യാനാണ്? ആ കാര്യത്തിൽ, നിങ്ങൾക്കു വിവരമില്ല എന്നതിൽ ഞാൻ നിസ്സഹായനാണ്. സിറ്റിംഗ് എന്നു പ്രസംഗിച്ചാൽ മതിയോ? നിങ്ങൾ കമ്മിഷനെ വച്ച കാലത്ത് നമ്മളും സ്വീകരിച്ചിട്ടില്ല. നമ്മൾ വച്ച കാലത്ത് നിങ്ങളും സ്വീകരിച്ചില്ല. സംസ്ഥാനത്തെ ശ്രീനാരായണഗുരു പ്രതിമകൾക്കും മന്ദിരങ്ങൾക്കും നേരെ അതിക്രമം കാണിച്ചതായ സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ, പാരിപ്പള്ളി പോലീസ് സ്റ്റേഷൻ, മുഹമ്മ പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് വിശദമായ അന്വേഷണത്തിന് ക്രൈംബാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ട്. കടയ്ക്കാവൂർ, ബാലരാമപുരം, കൊല്ലം എസ്.എൻ.ഡി.പി. കാര്യാലയ കോമ്പൗണ്ട്, കരുനാഗപ്പള്ളി, മൂന്നാംമൂട്, പത്തനംതിട്ട, കണമുക്ക്, ആലപ്പുഴ, പുതിയകാവ്, ചെങ്ങന്നൂർ എസ്.എൻ.ഡി.പി. ശാഖാമന്ദിരം എന്നീ സ്ഥലങ്ങളിലെ പ്രതിമകൾക്ക് നേരെ ആക്രമണം നടത്തിയ കേസ്സുകളിലായി 26 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നിങ്ങൾക്കിഷ്ടമുള്ള പ്രതികളായിരിക്കുകയില്ല, അതാണ് ബുദ്ധിമുട്ട്. അവരെ കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. സാമൂഹ്യവിരുദ്ധ ശക്തികൾ നടത്തുന്ന ഇത്തരം അക്രമപ്രവണതകൾ തടയുന്നതിനും ഉടൻതന്നെ നടപടികൾ സ്വീകരിക്കുന്നതിനും മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ നവോത്ഥാന പ്രസ്ഥാനങ്ങളിൽ അതിപ്രധാനമായ പങ്കു വഹിച്ച ശ്രീനാരായണ ഗുരുവിനെ ആദരവോടെ കാണുന്ന സമീപനമാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിനുള്ളത്. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന് ഉൽഘോഷിച്ച ശ്രീനാരായണഗുരുവിന്റെ പ്രതിമകൾ തകർക്കുന്നതും മറ്റും ജനങ്ങളെ ഭിന്നിപ്പിക്കാനും സങ്കുചിത താൽപര്യങ്ങളിൽ മുതലെടുപ്പു നടത്താനുമാണ്, അതിനായി ദുഷ്ടശക്തികൾ ബോധപൂർവ്വം ശ്രമിക്കുന്നുണ്ട്. സംഘ്പരിവാറിന്റെ ഭാഗമായി ശിവഗിരിയെ സ്വാധീനിക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്. ഇതു തുറന്നുകാണിക്കുന്നതോടൊപ്പം ഇത്തരക്കാർക്കെതിരെ നിയമ നടപടികളുൾപ്പെടെ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരികയുമാണ്. അതുകൊണ്ട് അനൗദ്യോഗികപ്രമേയം നിരാകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. എ. കണാരൻ, ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതി സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച ഭേദഗതി സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ ..... പ്രതികൂലിക്കുന്നവർ .....

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തമ്പാനൂർ രവി, അങ്ങയുടെ പ്രമേയം പ്രസ്സു ചെയ്യുന്നുണ്ടോ?

ശ്രീ. തമ്പാനൂർ രവി : പ്രസ്സു ചെയ്യുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ടു രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ - 20

1. ശ്രീ. സി.ടി. അഹമ്മദ് അലി
2. ശ്രീ. എ.കെ. ആന്റണി
3. ശ്രീ. ടി.എം. ജേക്കബ്
4. ശ്രീ. ജോണി നെല്ലൂർ
5. ശ്രീ. ജി. കാർത്തികേയൻ
6. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
7. ശ്രീ. മാമ്മൻ മത്തായി
8. ശ്രീ. ആര്യാടൻ മുഹമ്മദ്
9. ശ്രീ. എം.കെ. മുനീർ
10. ശ്രീ. എഴുകോൺ നാരായണൻ
11. ശ്രീ. അടൂർ പ്രകാശ്
12. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
13. ശ്രീമതി രാധാ രാഘവൻ
14. ശ്രീ. പാലോട് രവി
15. ശ്രീ. തമ്പാനൂർ രവി
16. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
17. ശ്രീ. സി.എഫ്. തോമസ്
18. ശ്രീ. തോമസ് ചാഴികാടൻ
19. ശ്രീ. കെ.സി. വേണുഗോപാൽ
20. ശ്രീ. ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ - 47

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. എൻ.ആർ. ബാലൻ
5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി.പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. ടി.കെ. ഹംസ
13. ശ്രീ. ജോൺ ഫെർണാണ്ടസ്
14. ശ്രീ. എ. കണാരൻ
15. ശ്രീ. എൻ. കണ്ണൻ
16. ശ്രീ. എളമരം കരീം
17. ശ്രീ. കൃഷ്ണൻ കണിയാം പറമ്പിൽ
18. ശ്രീ. ഇ.കെ. നായനാർ
19. ശ്രീ. പി കെ. കുമാരൻ
20. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
21. ശ്രീ. സി.എ. കുര്യൻ
22. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
23. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
24. ശ്രീ. പിരപ്പൻകോട് മുരളി
25. ശ്രീ. ടി. നാണു മാസ്റ്റർ
26. ശ്രീ. സി.കെ. നാണു
27. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
28. ശ്രീ. പി. നാരായണൻ
29. ശ്രീ. ടി.കെ. നൗഷാദ്
30. ശ്രീ. കെ. പ്രകാശ് ബാബു
31. ശ്രീമതി എൻ.കെ. രാധ
32. ശ്രീ. കെ. രാധാകൃഷ്ണൻ
33. ശ്രീ. പി രാഘവൻ
34. ശ്രീ. സി.കെ. രാജേന്ദ്രൻ
35. ശ്രീ. കെ.പി. രാജേന്ദ്രൻ
36. ശ്രീ. പി. രാജു
37. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
38. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
39. ശ്രീ. സെബാസ്റ്റ്യൻ പോൾ
40. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
41. ശ്രീ. ടി. ശിവദാസ മേനോൻ
42. ശ്രീ. ജി സുധാകരൻ
43. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ

1130/2010.

LIBRARY ARCHIVES Kerala Legislative Assembly

44. ശ്രീ. എം.എ. തോമസ്

45. ശ്രീ. എം.പി. വർഗ്ഗീസ്

46. ശ്രീ. വർഗ്ഗീസ് വൈദ്യർ

47. ശ്രീ. പി. വിശ്വൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 20

പ്രതികൂലിക്കുന്നവർ - 47

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, അടുത്ത രണ്ടു പ്രമേയങ്ങളും തർക്കമില്ലാത്തതാണ്. അതു ഏകകണ്ഠമായി പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സ്വീകരിച്ച സമീപനത്തെ പൂർണ്ണമനസ്സോടുകൂടി ചെയർ സ്വാഗതം ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ നായനാർ) : രണ്ടു പ്രമേയവും നമുക്ക് യോജിച്ചു പാസ്സാക്കാവുന്നതാണ്.

(2) ഇൻഡ്യ-അമേരിക്ക ഒപ്പുവച്ച ജനീവകരാർ പുനഃപരിശോധിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. രാഘവൻ : സർ, "അമേരിക്കയിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതിന് വിലക്കു കൽപ്പിച്ചിരുന്ന 1429 ഇനം വസ്തുക്കളുടെ മേലുള്ള എല്ലാവിധ ഇറക്കുമതി നിയന്ത്രണവും എടുത്തുകളഞ്ഞുകൊണ്ട് 1999 ഡിസംബർ 27-ന് ജനീവയിൽവച്ച് ഇൻഡ്യ അമേരിക്കയുമായി ഒപ്പുവച്ച കരാർ ഇൻഡ്യയുടെ വിദേശനാണയശേഖരം കുറയ്ക്കുന്നതും കാർഷിക, വ്യാവസായിക, ഓട്ടോമൊബൈൽ, ടെക്സ്റ്റയിൽസ് തുടങ്ങിയ മേഖലകളെ പ്രതികൂലമായി ബാധിക്കുന്നതും, റബ്ബർ പാൽ അടക്കമുള്ള റബ്ബർ ഉൽപന്നങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, നാളികേര ഉൽപ്പന്നങ്ങൾ, തേയില, മൽസ്യോൽപ്പന്നങ്ങൾ തുടങ്ങിയവയിലുള്ള ഇറക്കുമതി നിയന്ത്രണം ഇല്ലാതാവുന്നതോടെ സംസ്ഥാനത്തെ കാർഷികമേഖല പൂർണ്ണമായും തകർച്ചയിലേക്ക് തള്ളപ്പെടുന്നതും, രാജ്യത്തിന്റെ സമ്പദ്ഘടന തകർക്കുന്നതും, തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതും, ഇൻഡ്യൻ സമ്പത്തു മുഴുവൻ അമേരിക്കയിലേയ്ക്ക് കൊള്ളയടിക്കാൻ അവസരം ഉണ്ടാക്കുന്നതുമായതിനാൽ കരാർ പുനഃപരിശോധിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്രത്തോട് ആവശ്യപ്പെടുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി.കെ. ബാലൻ : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly